

മാർച്ച് 2021

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ


ചെറുപുഷ്പം
ഗോൾഡ് ലോൺ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
കൂടുതൽ
വായ്പ
കുറഞ്ഞ
പലിശ
ഉയർന്ന
കാലാവധി
Olarikkara, Pullazhi P.O, Thrissur 680012
Ph : 2360846, 2360202, 2365890
Customer Care : 8547667788, 8547778899
ജോളി സ്റ്റീഫൻ ടി.സി
ചെയർമാൻ
9895223344
ഡോ. ജോയ് ആന്റോ
മാനേജിംഗ് ഡയറക്ടർ
9895015630





# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 0487 - 2360259
Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 27**
**മാർച്ച് 2021**
**ലക്കം 3**

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **കെ.എ.മാത്യു** +91 9388842296

അഡീഷണൽ മാനേജിംഗ് എഡിറ്റർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 9447031220

അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്
റവ. സി. **റെജിൻ റോസ് CHF** +91 9207552282
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീമതി. **ജെൻസി ജൂപ്പിറ്റർ തരകൻ** +91 9497061927
ശ്രീ. **ജെയ്സൺ കുള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **സ്റ്റീഫൻ മാപ്രാണത്ത്** +91 9446336573
ശ്രീ. **യേശുദാസ് ടി.എസ്.** +91 9387806657
ശ്രീ. **മേജോ കെ.ജെ** +91 9847865010
ശ്രീ. **ജിതിൻ ജോജു** +91 8606006298
ശ്രീ. **സെജിൻ സെബി** +91 9446023663

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504
(കേന്ദ്രസമിതി കൺവീനർ)
ശ്രീ. **ജോസഫ് മുണ്ടശ്ശേരി** +91 9847095600
(നടത്തുകൈക്കാരൻ)

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം - 6.30 a.m**
**ഞായർ - 6.30 a.m 9.30 a.m**
**5.30 p.m - കുരിശിന്റെ വഴി, വി. കുർബ്ബാന**

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 04 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 05 |
| മതബോധനവാർത്തകൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 06 |
| കെ.സി.വൈ.എം വാർത്തകൾ | 07 |
| മറ്റൊരു പുറപ്പാട് | 08 |
| യാത്രാവിവരണം | 09 |
| നിരുപാധികമുള്ള ക്ഷമ | 10 |
| ഞാൻ മോശ | 11 |
| ദാവീദും - ഗോലിയാത്തും | 12 |
| ആന്റിബയോട്ടിക് റിസിസ്റ്റൻസ് | 13 |
| പണക്കൊതിയന്മാരെ...ചെറുകഥ | 14 |
| സങ്കീ. 56: "ഞാൻ നിർഭയനായി ദൈവത്തിൽ ആശ്രയിക്കും." | 15 |
| സഹഗമനം - കഥയെഴുത്ത് | 16 |
| ചെറുകഥ | 17 |
| പ്രമേഹം - ഡോ. ടി.പി ആന്റണി | 21 |
| വ്യാവസായിക വിപ്ലവം 4.0 | 25 |
| യൂണിറ്റ് - തട്ടുപിരിവ് | 27 |
| ഞങ്ങൾ വരവായി | 28 |
| ഞങ്ങൾ ഒന്നായി | 29 |
| BIBLE QUIZ | 30 |
| ചായകൂട്ട് മത്സരം | 32 |

**നടത്തുകൈക്കാരൻ**
ശ്രീ. **ജോസഫ് മുണ്ടശ്ശേരി**
+91 9847095600

## പള്ളി ഓഫീസ് സമയം

**തിങ്കൾ മുതൽ ശനി വരെ** 7.00 a.m. - 8.30 a.m.
6.30 p.m. - 8.30 p.m.

**ഞായർ അവധി**

കപ്യാർ: വിൽസൺ ആളൂർ കൊക്കൻ - +919745844551

# എഡിറ്റോറിയൽ

## വിശുദ്ധ യൗസേപ്പിതാവിന്റെ മാസം

പണ്ടുതൊട്ടെ കത്തോലിക്കർ മാർച്ച് മാസം വി.യൗസേപ്പിതാവിന്റെ വണക്കമാസകാലമായി കൊണ്ടാടാറുണ്ട്. 2021നെ വി.യൗസേപ്പിതാവിന്റെ വർഷമായി ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചു. 'തിരുസഭയുടെ കാവൽക്കാരൻ' എന്ന പീയൂസ് ഒമ്പതാമൻ മാർപാപ്പ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചാണീ പ്രഖ്യാപനം. കഷ്ടതകൾ നിറഞ്ഞ ഒരു സമയത്ത് നമ്മെ നയിക്കുന്ന ഒരു മാർഗ്ഗദർശിയേയും, സഹായിയേയും, മദ്ധ്യസ്ഥനേയും വി. യൗസേപ്പിതാവിൽ ദർശിക്കാനാവുമെന്ന് അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു.

2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ കുടുംബവർഷാചരണം ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചു. സ്നേഹം ആഴത്തിൽ പങ്കുവയ്ക്കുന്ന ബലിവേദികളായി കുടുംബങ്ങൾ മാറണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. 2020 ഡിസംബർ എട്ടിന് ആരംഭിച്ച് 2021 ഡിസംബർ എട്ടിന് അവസാനിക്കുന്ന വി. യൗസേപ്പിതാവിന്റെ വർഷത്തോടു ചേർത്താണ് കുടുംബവർഷം പ്രഖ്യാപിച്ചിരിക്കുന്നത്.

കുടുംബസ്നേഹത്തിന്റെയും, കഠിനാദ്ധ്വാനത്തിന്റെയും ഉത്തമ മാതൃകയാണ് വി.യൗസേപ്പിതാവ്. അനുകരണീയമായ ആ മാതൃക നമുക്ക് പ്രചോദനമാകട്ടെ. സ്നേഹബന്ധങ്ങൾ വഴി കുടുംബത്തിന്റെ കെട്ടുറപ്പ് ദൃഢമാകുമ്പോൾ, സന്തുഷ്ടമായ ജീവിതം ലഭ്യമാകുന്നു.

ഈ നോയമ്പ് കാലത്ത് വ്യക്തിനവീകരണം ലക്ഷ്യമാക്കി നാം പ്രവർത്തിയ്ക്കുമ്പോൾ, പരസ്പരസ്നേഹത്തിനും, ത്യാഗമനോഭാവത്തിനും വലിയ പ്രസക്തിയുണ്ട്. ഇതൊക്കെ മനസ്സിലാക്കുവാൻ നാം നമ്മുടെ ഈഗോ (Ego) ഒഴിവാക്കുന്നത് പ്രയോജനം ചെയ്യും. എല്ലാ നേട്ടങ്ങൾക്കും ദൈവകൃപ അത്യാവശ്യമാണ്. ആയതു ലഭിയ്ക്കുവാൻ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിയ്ക്കാം. നോയ്മ്പ്കാല നവീകരണം പ്രാപിക്കുവാൻ വേണ്ട ദൈവാനുഗ്രഹം നമുക്കോരോരുത്തർക്കും ലഭിയ്ക്കുമാറാകട്ടെ.

പത്രാധിപസമിതി

# ഇടയശബ്ദം



**കുടുംബാംഗങ്ങളോട്...**

ആശാരിപ്പണി മാത്രമറിയുന്ന, ഒരിക്കലും ആടുമേയ്ച്ചു പരിചയമില്ലാത്ത നസ്രത്തുകാരൻ എന്തിനായിരിക്കും ഞാൻ നല്ലയിടയനാണെന്ന് പറഞ്ഞ് പഠിപ്പിച്ചത്? തന്റെ പിതാവിന്റെ തൊഴിലും ജീവിതസാഹചര്യങ്ങളൊന്നുമായിരുന്നില്ല തന്റെ പഠനങ്ങളിലെ പ്രതിപാദ്യവിഷയം. മരപ്പണിക്കാരന്റെ മകൻ എങ്ങിനെ ആട്ടിടയന്റെ ദൗത്യം ഏറ്റെടുത്ത് പൂർത്തിയാക്കി? ആടുകളുടെ ചോരവീഴ്ത്തി കാര്യം കാണുന്ന ഇടയന്മാരെ മാത്രമേ അന്നുവരേയും യഹൂദജനം കണ്ടിരുന്നുള്ളൂ. അതിൽനിന്നും വിഭിന്നമായ ഒരിടയ സങ്കൽപം യേശു പഠിപ്പിക്കുകയായിരുന്നു.

ഈ അമ്പത് നോമ്പ്കാലത്ത് നമുക്കുള്ള വെല്ലുവിളിയും അതാണ്. ഗുരുവിന്റെ വാക്കുകളെ മറ്റുമതസ്ഥരുടെ മുമ്പിൽ തള്ളിപറയാത്ത, പരിഹസിക്കപ്പെടാത്ത ഒരു ജീവിതം നയിക്കുക. അതത്ര നിസ്സാര കാര്യമല്ല; എളുപ്പവുമല്ല. നല്ലിടയൻ ആടിനെ അറിയുന്നു എന്നത്പോലെ തന്നെ പ്രാധാന്യമുള്ള സംഗതിയാണ് ആടുകൾ നല്ലിടയന്റെ മാത്രം സ്വരം ശ്രവിക്കണം എന്നതും. ചതിക്കുഴിയിലേക്കും, തിന്മയിലേക്കും, തകർച്ചയിലേക്കും വിളിക്കുന്ന കൂലിക്കാരന്റെ (പിശാചിന്റെ) സ്വരം കേൾക്കാതിരിക്കാനുള്ള വിവേകം ആടുകൾ കാണിക്കണം.

ഏറ്റവും സമൃദ്ധിയുള്ള മേച്ചിൽപ്പുറം പരിശുദ്ധ കുർബാനയാണ്, കൂദാശകളാണ്; അതിനോടൊപ്പം നിൽക്കുന്ന ഉപവാസവും പരിത്യാഗങ്ങളുമാണ്. കുരിശിന്റെ വഴി കാണിച്ചുതരുന്ന ജീവിതയാഥാർത്ഥ്യങ്ങൾ ബലിയായി ദൈവസന്നിധിയിൽ സമർപ്പിക്കാൻ നമുക്ക് കഴിയുമ്പോൾ നാം ഇടയന്റെ ആടുകളെന്ന് ജീവിതം സാക്ഷ്യപ്പെടുത്തും. ഈ അമ്പത് നോമ്പിൽ നമുക്കതിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,

**നിങ്ങളുടെ ജെയിസനച്ചൻ**

## 21.02.2021 ലെ പ്രതിനിധിയോഗ തീരുമാനങ്ങൾ

1. ഡിസംബർ 2020 ജനുവരി 2021 എന്നീ മാസങ്ങളിലെ കണക്കും ഓഡിറ്റും റിപ്പോർട്ടും വായിച്ചു പാസ്സാക്കി.

2. പള്ളിയും, വൈദീക മന്ദിരവും, ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്ന പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു. കോർപ്പറേഷനിൽ നിന്ന് ഉൾപ്പെടെ ആവശ്യമായ sanction വാങ്ങാൻ Forward ചെയ്യാൻ തീരുമാനിച്ചു.

3. നോമ്പുകാല പരിത്യാഗം, ദശാംശ ഞായർ പിരിവുകൾ പുനരാരംഭിക്കാൻ തീരുമാനിച്ചു. 2-ാം ഞായറാഴ്ച ദശാംശ ഞായർ എന്ന് നിശ്ചയിച്ചു.

4. വാർഷിക ധ്യാനം മാർച്ച് 25 മുതൽ മാർച്ച് 28-ാം തിയ്യതി വരെ നടത്താൻ തീരുമാനിച്ചു. സമയം 6.00 pm മുതൽ 9.00 pm വരെ.

5. ഷോപ്പിംഗ് കോംപ്ലക്സിന്റെ മുൻവശത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ എടുത്തുമാറ്റുവാൻ തീരുമാനിച്ച മുൻ തീരുമാനം എത്രയും വേഗം നടപ്പിലാക്കണം എന്നും വാടക Enhance ചെയ്യാൻ എടുത്ത തീരുമാനവുമായി മുന്നോട്ടു പോകുവാനും തീരുമാനിച്ചു. ആയതിന് കൈക്കാരന്മാരെ ചുമതലപ്പെടുത്തി.

6. ഫെബ്രുവരി മാസത്തെ പെൻഷൻ നല്കുന്നതിന് 17,000/- (പതിനേഴായിരം) രൂപ അപേക്ഷപ്രകാരം കുടുംബകൂട്ടായ്മ കേന്ദ്രസമിതിക്ക് നല്കാൻ തീരുമാനിച്ചു.

7. കുടുംബസമ്മേളനങ്ങൾ പുനരാരംഭിക്കാൻ തീരുമാനിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുടുംബസമ്മേളനങ്ങൾ സൗകര്യപ്രദമായി നടത്തുന്നതിന് സെന്റ് മേരീസ് ഹാൾ അനുവദിക്കാൻ തീരുമാനിച്ചു.

പ്രതിനിധിയോഗം സെക്രട്ടറി

# കുടുംബകൂട്ടായ്മ വാർത്തകൾ - 28.02.2021

1. കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ വികാരിയച്ചനുമായി സംസാരിച്ച് സമയം നിശ്ചയിച്ച് നമ്മുടെ പള്ളിയുടെ സെ. മേരീസ് ഹാൾ (ചെറിയ പാരിഷ് ഹാൾ)ൽ നടത്താവുന്നതാണ്.

2. കുടുംബകൂട്ടായ്മ കേന്ദ്രസമിതി നൽകിവരുന്ന പെൻഷൻ 2021 മാർച്ച് മാസം കൊടുത്തതിന് ശേഷം തുടർന്ന് അപേക്ഷകൾ യൂണിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്ത പരിഹരിക്കാവുന്നതും അത്യാവശ്യമായതും അർഹതപ്പെട്ടതുമായ അപേക്ഷ മാത്രം കേന്ദ്രസമിതിയുടെ പരിഗണനക്ക് അയക്കാവുന്നതാണ്.

3. ഇടവകയിലെ ഓരോ യൂണിറ്റിലേക്കും കോവിഡ് മാനദണ്ഡം കൊണ്ട് ഭവന സന്ദർശനം നടത്തുന്നതിന് യൂണിറ്റ് ഭാരവാഹികൾ വികാരിയച്ചനെ അറിയിച്ച് തീരുമാനമെടുക്കേണ്ടതാണ്. നോമ്പുകാല പരിത്യാഗ സംഖ്യയും നൽകേണ്ടതാണ് ദശാംശപിരിവ് നമ്മുടെ പള്ളിയിൽ എല്ലാം രണ്ടാം ഞായറാഴ്ച നടത്തുന്നതാണ്.

4. കുടുംബകൂട്ടായ്മ കേന്ദ്രസമിതി മീറ്റിംഗിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾ മാറിയത് അപേക്ഷമൂലം അറിയിച്ചത് പരിഗണിച്ച് തീരുമാനമായി.

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കൺവീനർ

**മേരി ലാസർ**
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
സെക്രട്ടറി

# മതബോധനവാർത്തകൾ

മൂന്ന് വർഷത്തെ സേവനത്തിനുശേഷം രാമവർമ്മപുരം ക്രൈസ്റ്റ് വില്ലയിലേയ്ക്ക് വിശ്രമജീവിതം നയിക്കാൻ യാത്രയാകുന്ന ബഹുമാനപ്പെട്ട ജോസഫ് അരാശ്ശേരി അച്ചന് അയ്യന്തോൾ വിശ്വാസപരിശീലന യൂണിറ്റിന്റെ യാത്രാമംഗളങ്ങൾ.

വികാരിയച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രിൻസിപ്പൽ ബിൽസി ഫ്രാൻസീസ് യോഗത്തിന് സ്വാഗതം ആശംസിച്ചു.

മതാദ്ധ്യാപകനും ഇപ്പോഴത്തെ നടത്തു കൈക്കാരനുമായ അഡ്വ. ജോസ് ഡേവീസ്, പി.ടി.എ. പ്രസിഡന്റ് അഡ്വ. നെറ്റോ നെല്ലിശ്ശേരി, മുൻ പ്രിൻസിപ്പൽ ഡോ.ജോയ് മാസ്റ്റർ ആശംസാപ്രസംഗം നടത്തി. മതാദ്ധ്യാപകർ ഒരുക്കിയ അച്ചന് ഏറെ ഇഷ്ടപ്പെട്ട ഗാനം ആടി വാ കാറ്റേ, പാടി വാ കാറ്റേ' എല്ലാവരും ഒത്തൊരുമിച്ച് പാടി. ഒരു Fare well ഗാനവും ഒരുക്കിയിരുന്നു. അച്ചനുവേണ്ടി ഒരുക്കിയിരുന്ന അച്ചന് ഏറ്റവും ഇഷ്ടപ്പെട്ട 'മരിയ വാൾ ത്തോർത്ത' എന്ന പുസ്തകം സിസ്റ്റർ റോസ് ആൻ സമ്മാനിച്ചു. സിസ്റ്ററിനും മറ്റു നാല് മതാദ്ധ്യാപകർക്കായും ഒരുക്കിയിരുന്ന സമ്മാനങ്ങൾ അച്ചൻ അവർക്ക് നൽകി.

റിട്ടയർ ചെയ്ത ടീച്ചേഴ്സിന്റെ പ്രതിനിധിയായ ആന്റോ ഫ്ളോറൻസ് ടീച്ചർ സംസാരിച്ചു. യോഗത്തിനായി ഒരുക്കിയിരുന്ന സ്നേഹവിരുന്ന് എല്ലാവരും ചേർന്ന് കഴിച്ചു. സ്റ്റാഫ് സെക്രട്ടറി ജോർജ്ജ് മാസ്റ്റർ യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു. അച്ചനെ ബലിയർപ്പണത്തിന് യാത്രയാക്കി പ്രാർത്ഥനാശംസകൾ നേർന്ന് എല്ലാവരും പിരിഞ്ഞുപോയി.

**ബിൽസി ഫ്രാൻസീസ്**
പ്രിൻസിപ്പാൾ



# ഓർമ്മിക്കുക ആചരിക്കുക

| | | |
|---|---|---|
| 01.03.2021 | തിങ്കൾ | **വി. അൽബിനൂസ്** |
| 02.03.2021 | ചൊവ്വ | **വി. പ്രോസ്പർ** |
| 05.03.2021 | വെള്ളി | **മാസാദ്യവെള്ളി** |
| 07.03.2021 | ഞായർ | **നോമ്പ് നാലാം ഞായർ** |
| 08.03.2021 | തിങ്കൾ | **വി. യോഹന്നാൻ** |
| 12.03.2021 | വെള്ളി | **വി. സെറാഫിന** |
| 13.03.2021 | ശനി | **വി. ഏവുപ്രാസ്യ** |
| 14.03.2021 | ഞായർ | **നോമ്പ് അഞ്ചാം ഞായർ** |
| 18.03.2021 | വ്യാഴം | **വി. സിറിൽ** |
| 19.03.2021 | വെള്ളി | **വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ** |
| 19.03.2021 | വെള്ളി | **അർണോസ്പാതിരി ചരമവാർഷികം** |
| 21.03.2021 | ഞായർ | **നോമ്പ് ആറാം ഞായർ**<br>**പാലയൂർ മഹാതീർത്ഥാടനം** |
| 25.03.2021 | വ്യാഴം | **മംഗളവാർത്തതിരുനാൾ** |
| 28.03.2021 | ഞായർ | **നോമ്പ് ഏഴാം ഞായർ**<br>**ഓശാനാ ഞായർ** |
| 31.03.2021 | ബുധൻ | **വി. ബെഞ്ചമിൻ** |

# കെ.സി.വൈ.എം വാർത്തകൾ

## കെ.സി.വൈ.എം അയ്യന്തോൾ യൂണിറ്റിന്റെ 37-ാം വാർഷികവും യാത്രയപ്പ് സമ്മേളനവും

24.01.2021 ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബാനയ്ക്കുശേഷം 8.30ന് കെ.സി.വൈ.എം ന്റെ 37-ാം വാർഷികവും അതിനോട് അനുബന്ധിച്ച് യാത്രയപ്പ് സമ്മേളനവും നടത്തി. പ്രാർത്ഥനയോടു കൂടി ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് അമൽ സി ചാർളി സ്വാഗതം പറഞ്ഞു. സെക്രട്ടറി ക്രിസ്റ്റീന ടോണി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ഡെൻസ് ഡേവിസ് വാർഷിക കണക്ക് അവതരിപ്പിച്ചു. തുടർന്ന് ഡയറക്ടർ റവ.ഫാ.ജോസഫ് അരാശ്ശേരിയുടെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു.

തൃശ്ശൂർ അതിരൂപത പ്രസിഡൻറ് സാജൻ ജോസ് മുഖ്യാതിഥി ആയിരുന്നു. ആനിമേറ്റർ സി.ലൂസി ഡേവിസ് CHF അനുഗ്രഹ പ്രഭാഷണം നടത്തി.

നടത്തുകൈക്കാരൻ അഡ്വക്കേറ്റ് ജോസ് ഡേവിസ്, സംഘടന ഏകോപന സമിതി കൺവീനർ ജെയിംസ് മുട്ടിക്കൽ കെ.സി.വൈ.എം ഡോളേഴ്സ് ഫൊറോന പ്രസിഡന്റ് ഡിക്സൺ സണ്ണി എന്നിവരെല്ലാം ആശംസ പ്രസംഗം നടത്തി.

വിരമിച്ച് പോകുന്നവരെ പ്രതിനിധീകരിച്ച് മേഫി ഡെൽസൺ മറുപടി പ്രസംഗം പറഞ്ഞു. വിരമിച്ചു പോകുന്നവർക്ക് മൊമെന്റോ കൊടുത്ത് ആദരിച്ചു. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ആയി തിരഞ്ഞെടുത്ത മേഫി ഡെൽസൺനെ മൊമെന്റോ കൊടുത്ത് ആദരിച്ചു. തുടർന്ന് വൈസ്. പ്രസിഡന്റ് നെസ്റ്റിൻ ഡേവിസ് നന്ദി പറയുകയും ചെയ്തു.

**ക്രിസ്റ്റീന ടോണി**
സെക്രട്ടറി

# മറ്റൊരു പുറപ്പാട്

**ത്രേസ്യാമ ജേക്കബ്**
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

സുഭാഷിതങ്ങൾ 6-ാം അധ്യായത്തിൽ കർത്താവ് വെറുക്കുന്ന 7 കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗർവ്വുകലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്കളങ്കമായ രക്തം ചൊരിയുന്ന കൈ, ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിന്മയിലേക്കു പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞുകൂട്ടുന്ന കള്ളസാക്ഷി, സഹോദരർക്കിടയിൽ ഭിന്നത വിതയ്ക്കുന്നവൻ.

ഉൽപത്തി 6-ാം അധ്യായത്തിലും കർത്താവ് മനുഷ്യന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതാണെന്ന് കുറ്റപ്പെടുത്തുന്നുണ്ട്. അവനെ സൃഷ്ടിച്ചതിൽ പരിതപിക്കുകപോലും ചെയ്തു.

ഇങ്ങനെയൊക്കെയാണെങ്കിലും ദൈവം മനുഷ്യനെ ഉപേക്ഷിച്ചില്ല. രക്ഷാമാർഗവും അവിടുന്നുതന്നെ കണ്ടെത്തി.

യേശു ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞു. സുവിശേഷകർ രേഖപ്പെടുത്തിയിട്ടുള്ള നമ്മൾ കേൾക്കുന്ന ഈ നിലവിളി നിലയ്ക്കാത്ത പോരാട്ടത്തിന്റെ ജയത്തെ കുറിയ്ക്കുന്നു. കീഴടങ്ങലിന്റേയോ പരാജിതന്റെയോ കരച്ചിലല്ല; മറിച്ച് എല്ലാം പൂർത്തിയായി എന്നു യോഹന്നാൽ പറയുമ്പോൾ അസത്യം, തിന്മ, ഇരുള്, ക്രൂരത, വെറുപ്പ് ഇവയ്ക്കെതിരെ പരിപൂർണ്ണ വിജയമാണ് നേടിയത്. അതായത് ദൈവരാജ്യം വീണ്ടെടുത്ത സമ്പൂർണ്ണ വിജയം. ഈ വിജയവെള്ളി ദുഃഖവെള്ളിയല്ല. മറിച്ച് വേദനയും അനുതാപവും ഇനി പാപം ചെയ്യാതിരിക്കാനുള്ള നിശ്ചയദാർഢ്യവും പ്രതിജ്ഞയും ഉൾക്കൊണ്ട് പുത്രസ്വീകാര്യതക്കുള്ള ഉറപ്പു നേടിയെടുക്കലാണ്.

അതേ ഈ നോമ്പുകാലം ദിവ്യബലിയിൽ നിന്നൊഴുകുന്ന കൃപാവരം സ്വീകരിച്ച് ദരിദ്രരേയും, അഗതികളേയും, വേദനിക്കുന്നവരേയും തേടികണ്ടെത്താനുള്ള പുറപ്പാടാകട്ടെ.

# യാത്രാവിവരണം



**മേരി ജോസ്**
സെന്റ് ജോസഫ് യൂണിറ്റ്

ദൈവകൃപയാൽ എനിക്ക് പുണ്യഭൂമിയായ ഇസ്രായേൽ, ജറുസലം, പാലസ്തീൻ, ഈജിപ്ത് എന്നീ പുണ്യഭൂമികൾ സന്ദർശിക്കാനുള്ള അവസരം കിട്ടുകയുണ്ടായി. ആദ്യമായി പ്ലെയിൻ യാത്ര ചെയ്യുന്നതിന്റെ ഒരു ടെൻഷൻ ഉണ്ടായിരുന്നു. നെടുമ്പാശ്ശേരിയിൽനിന്ന് ഖത്തർ എയർവേയ്സിൽ ഖത്തർ എയർപോർട്ടിൽ ഇറങ്ങി. വിമാനത്തിൽ കയറി യാത്ര ചെയ്തപ്പോൾ പേടിയൊക്കെ കുറേശ്ശെ മാറി. ഖത്തറിൽനിന്ന് നേരെ ഇസ്രായേലിൽ ഇറങ്ങി. അവിടെ ഞങ്ങൾ ചെക്കിങ്ങ് എല്ലാം കഴിഞ്ഞ് പുറത്തേക്ക് ഇറങ്ങിയപ്പോൾ ഞങ്ങളെ കൊണ്ടുപോകാൻ ബസ്സും ഗൈഡും കാത്തുനിന്നിരുന്നു. ഞങ്ങൾ 48 പേരടങ്ങുന്ന ഗ്രൂപ്പായിരുന്നു. 2 വൈദികരും കൂടെയുണ്ടായിരുന്നു. ഞങ്ങളെ നേരേ കൊണ്ടുപോയത് നെബോ മലയിലേക്കാണ്. മോശ പിച്ചളസർപ്പത്തെ ഉയർത്തിയ സ്ഥലം. അവിടെ ഒരു സ്തൂപം നാട്ടിയിട്ടുണ്ട്. പിന്നെ പോയത് ഗ്രീക്ക് ഓർത്തഡോക്സ് സെന്റ് ജോർജ്ജ് പള്ളി. മോശ ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാരെ മോചിപ്പിച്ച് കൊണ്ടുവന്നപ്പോൾ ദാഹിച്ച് ജനം നിലവിളിച്ചപ്പോൾ പാറയിൽ അടിച്ച് വെള്ളം വന്ന സ്ഥലം കണ്ടു. അവിടെ ഇപ്പോൾ നല്ല പച്ചപ്പുനിറഞ്ഞ സ്ഥലമായി കാണാൻ പറ്റും. പിന്നെ അടുത്ത ദിവസം ഞങ്ങൾ പോയത് നമ്മുടെ ഈശോ ആദ്യമായി അത്ഭുതം പ്രവർത്തിച്ച കാനായിൽ. അവിടെ ഇപ്പോഴും അന്നത്തെ കൽഭരണികളിൽ ഒന്ന് സൂക്ഷിച്ചുവച്ചിട്ടുണ്ട്. കല്യാണവീട്ടിലെ പിൻതുടർച്ചക്കാരെന്ന് അവകാശപ്പെടുന്ന ആൾക്കാർ അവിടെ ചെല്ലുന്നവർക്ക് വീഞ്ഞ് രുചിച്ചു നോക്കാൻ തരും. ആവശ്യാനുസരണം വാങ്ങാൻ കിട്ടും. അവിടത്തെ വീഞ്ഞ് മറ്റൊരിടത്തും വാങ്ങാൻ കിട്ടില്ല എന്നാണ് പറയപ്പെടുന്നത്. അടുത്ത ദിവസം മാതാവിന്റെ നസ്രത്തിലെ ഭവനം, മംഗളവാർത്ത അറിയിച്ച സ്ഥലം, യൗസേപ്പിതാവിന്റെ പണിശാല. ആ സ്ഥലങ്ങളിലൊക്കെ വലിയ പള്ളികളാണ്. ഈശോ അത്ഭുതങ്ങൾ പ്രവർത്തിച്ച സ്ഥലങ്ങളിലും നടന്ന വഴികളിലൂടെയും നടക്കാനുള്ള കൃപ ദൈവം ഒരുക്കിത്തന്നു. പിന്നെ പോയത് ഈശോ പ്രസംഗിച്ച സിനഗോഗ്. അത് തകർക്കപ്പെട്ടതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെയുണ്ട്. പത്രോസിന്റെ ഭവനം അമ്മായിഅമ്മയെ സുഖപ്പെടുത്തിയ വീട്, ഓശാനവീഥി. അതിലേ ഞങ്ങൾ ഒലിവുചില്ലകൾ പിടിച്ച് ഓശാനപാടിക്കൊണ്ട് നടന്നു. അപ്പോൾ ഞങ്ങളെ ഫോറിനേഴ്സ് അത്ഭുതത്തോടെ നോക്കുന്നുണ്ടായിരുന്നു.



# നിരുപാധികമുള്ള ക്ഷമ

**ലൂസി ജോയ്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്

ആർച്ച് ബിഷപ്പ് ഫ്രാൻസിസ് സേവ്യർ ജ്യുയെൻ വാൻ 13 വർഷം ഏകാന്ത തടവറയിൽ കഴിഞ്ഞ സംഭവമാണിത്. വെറും വാൻ ത്വാൻ എന്നറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചത്. 1915ൽ സൗത്ത് വിയറ്റ്നാം നിലപതിച്ചു. തുടർന്നുണ്ടായ കമ്മ്യൂണിസ്റ്റ് ആധിപത്യവും മതപീഡനവും, ആദ്യത്തെ ഇര ബിഷപ്പ് വാൻത്വാനും. തടവറയിലെ വർഷങ്ങളൊന്നും അദ്ദേഹം നഷ്ടപ്പെടുത്തിയില്ല. നുറുങ്ങു പേപ്പറുകളിൽ "ദൈവം കൂടെയുണ്ട്" എന്ന ബോധ്യത്തിലെഴുതിയ പ്രാർത്ഥനകളാണ് "പ്രതീക്ഷയുടെ വഴി" ഒരു ദിവസം കാവൽ നിന്ന പോലീസുകാരൻ ചോദിച്ചു "നിങ്ങൾ ഞങ്ങളെ സ്നേഹിക്കുന്നുവോ?" 'ഉവ്വ്' എന്ന് ബിഷപ്പ് മറുപടി പറഞ്ഞു. "വിചാരണയോ, ശിക്ഷാവിധിയോ ഇല്ലാതെ 13 വർഷം തടവിലാക്കിയല്ലേ. പിന്നെയെങ്ങനെ ഞങ്ങളെ സ്നേഹിക്കും സത്യമല്ലിത്" "നിങ്ങളോടൊപ്പമായിരുന്ന ഈ വർഷങ്ങളിലെല്ലാം നിങ്ങളിതു കണ്ടതല്ലെ" എന്നായി ബിഷപ്പ്. വീണ്ടും നിരീശ്വരവാദിയായ പോലീസിനു സംശയം" നിങ്ങൾ സ്വതന്ത്രനാകുമ്പോൾ ഞങ്ങളുടെ വീടുകൾ ചുട്ടെരിച്ച്, കുടുംബാംഗങ്ങളെ വധിക്കാൻ ആളുകളെ അയയ്ക്കില്ലെ." മറപടി ഇതായിരുന്നു." നിങ്ങൾ എന്നെ കൊല്ലുവാൻ ആഗ്രഹിച്ചാലും ഞാൻ നിങ്ങളെ സ്നേഹിക്കും. യേശു അതാണ് എന്നെ പഠിപ്പിച്ചത്. അല്ലെങ്കിൽ ഞാൻ ക്രിസ്ത്യാനിയല്ല. "ഇത് കേൾക്കാൻ മനോഹരം, ഉൾക്കൊള്ളാൻ പ്രയാസം" എന്ന് കാവൽക്കാരൻ. "മാനുഷിക കഴിവല്ല ഇത്; ദൈവാനുഗ്രഹം കിട്ടിയാലേ അതു സംഭവിക്കൂ." എന്നു ഫാദറിന്റെ മറുപടിയും.

ജയിൽ മോചിതനായ അദ്ദേഹത്തെ ജോൺപോൾ രണ്ടാമൻ മാർപാപ്പ കർദ്ദിനാളാക്കി നിയോഗിച്ചു. 2002ൽ കാൻസർ ബാധിച്ചു മരിച്ച മനുഷ്യസ്നേഹിയായ ഈ 74കാരനെ 2007ൽ തന്നെ വിശുദ്ധനാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.

തന്റെ ശത്രുവിനോട് എത്ര പ്രാവശ്യം ക്ഷമിക്കണമെന്ന് ചോദിച്ച പത്രോസിന് യേശു കൊടുത്ത മറുപടി ഏഴ് എഴുപതു പ്രാവശ്യം എന്നല്ലേ. ശത്രുക്കളോട് നമുക്കും നിരുപാധികം ക്ഷമിക്കാം. ഒന്നും നമുക്ക് നഷ്ടപ്പെടാനില്ല. ലാഭം മാത്രം. ദൈവകൃപക്കായി പ്രാർത്ഥിക്കണം എന്നതാണ് ഒരു വ്യവസ്ഥ. ഈ നോമ്പു കാലത്തിലെ ഒരു ചിന്ത ഇതാകട്ടെ.

ഗ്രേയ്സി ജോൺ
സെന്റ് തോമാസ് യൂണിറ്റ്

# ഞാൻ മോശ

"ഞാനവനെ വെള്ളത്തിൽ നിന്നെടുത്തു" എന്നു പറഞ്ഞുകൊണ്ട് അവൾ എനിക്ക് മോശ എന്ന നാമം നല്കി (പുറ.2/10) ഇസ്രായേൽ ജനതയുടെ വിമോചകനും പഴയ ഉടമ്പടിയുടെ മാധ്യസ്ഥനുമായ മോശ-ഞാൻ തന്നെ പേടകത്തിൽ കിടത്തപ്പെട്ട ശിശുവായ എനിക്ക് കാവൽ നിന്ന ആ മിടുക്കി പെൺകുട്ടി എന്റെ ചേച്ചി മിറിയാമാണ്. ഫറവോയുടെ പുത്രി എന്നെ വളർത്തുവാൻ കൊട്ടാരത്തിലേക്കു കൊണ്ടുപോയപ്പോൾ ഫറവോയുടെ മനസ്സിൽ എന്നെ അവന്റെ ആജ്ഞാനുവർത്തിയാക്കാം എന്നു ചിന്തിച്ചു കാണും. രാജകുമാരിക്കു പറ്റിയ അബദ്ധമാകട്ടെ കർമ്മണി പ്രയോഗത്തിനു പകരം കർത്തരി പ്രയോഗമാണ് ഉപയോഗിച്ചത്. അതായത് 'മോശെ' എന്നാൽ 'എടുക്കുന്നവനെ' എന്നതാണ്, കർമ്മണി പ്രയോഗം. ഇവിടെ 'എടുക്കപ്പെട്ടവൻ' - ഹീബ്രൂവിൽ മാശൂയ് എന്നത് കർത്തരി പ്രയോഗമാണ്. മറ്റുള്ളവരാൽ എടുക്കപ്പെടുന്നവനാകാനല്ലല്ലോ എന്റെ ദൈവവിളി. ജനത്തെ പുറത്തെടുക്കുന്ന ആ വലിയ ദൗത്യമാണല്ലോ എനിക്കേല്പിച്ചു തന്നത്. ബൈബിളിലെ പേരുകൾ അത് സംവഹിക്കുന്നവന്റെ വ്യക്തിത്വം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയാണ്, അവിടുന്ന് ഓരോരുത്തരേയും സൃഷ്ടിച്ചത്.

ഫറവോയുടെ അരമനയിൽ രാജകുമാരനായി കഴിയവേ ഭാഷകളും, ആയോധന വിദ്യയും, ശാസ്ത്രങ്ങളും അഭ്യസിച്ചു. എന്നാൽ ഹെബ്രായ രക്തത്തിന്റെ ഉൾവിളി എന്റെ ഉറക്കം കെടുത്തി. ദത്തുപുത്രനെന്ന പേര് എനിക്ക് അരോചകമായി. അരമനയിൽ നിന്നും ഇടയ്ക്കിടെ പുറത്തു കടന്നു. വലിയ പുറപ്പാടിന്റെ നാന്ദിയെന്നോണം. പഴയ ജീവിതത്തോടുള്ള വിട പറയൽ ഒരർത്ഥത്തിൽ ദൈവരാജ്യത്തിലേക്കുള്ള പ്രയാണമാണ്.

സ്വസഹോദരങ്ങളുടെ കഷ്ടപ്പാടുകൾ കണ്ടു നിൽക്കാനാവാതെ ആദ്യത്തെ കൊലപാതകം നടത്തി. അക്രമത്തിലൂടെ സ്വജനത്തിന്റെ രക്ഷക്കുവേണ്ടി പൊരുതിയപ്പോൾ ദൈവത്തിന് അവിടെ സ്ഥാനമില്ലെന്ന് മനസ്സിലായി. ഇസ്രായേൽക്കാർ തമ്മിൽ തല്ലുകൂടുമ്പോൾ - (അടിമത്വത്തിൽ നിന്ന് രക്ഷയില്ലെന്ന പ്രതീക്ഷ നശിച്ചപ്പോൾ) അതിലിടപ്പെട്ട എനിക്ക് അവരുടെ രോഷം ഏറ്റുവാങ്ങേണ്ടി വന്നു, തങ്ങളുടെ വിധികർത്താവാകേണ്ട എന്നു പറഞ്ഞ്. ഈജിപ്തുകാരനെ കൊന്ന വിവരം അരമനയിൽ അറിയുമെന്ന

സ്ഥിതിയായി. ഫറവോയെ നേരിടാൻ ഭയപ്പെട്ട് സ്വജനത്തിന്റെ ശത്രുതയും താങ്ങാനാവാതെ ജീവൻ രക്ഷിക്കാൻ ഈജിപ്ത് വിട്ടോടി. അലഞ്ഞു തിരിഞ്ഞു മിദിയാനിലെത്തി. ഒരു കിണറ്റിൻ കരയിലുറങ്ങി. എപ്പോഴോ കലപില ശബ്ദം കേട്ട് കണ്ണു തുറന്നു. കണ്ടത് ഏഴ് യുവതികൾ വെള്ളം കോരുന്നു. കുറേ ആടുകളും അടുത്ത്. തൊട്ടികളിൽ വെള്ളം നിറഞ്ഞപ്പോൾ ഏതാനും ആട്ടിടയന്മാർ അവരെ ഭീഷണിപ്പെടുത്താനെത്തി. ഞാനവരെ ആട്ടിയോടിച്ചു. അനീതി എനിക്ക് സഹിക്കില്ലല്ലോ. ആ അബലകളെ സംരക്ഷിച്ചു. ഞാൻ യഥാർത്ഥ മോശയായി. അവർ നന്ദിപൂർവ്വം വീട്ടിലേക്കു പോയി. പിന്നെ അവരുടെ അപ്പന്റെ നിർദ്ദേശപ്രകാരം എന്നെ വീട്ടിലേക്കു കൊണ്ടുപോയി. അപ്പൻ റവുവേൽ തന്റെ മൂത്തമകൾ സിപ്പോറയെ എനിക്ക് ഭാര്യയായി നൽകി. അങ്ങനെ അഭയാർത്ഥി പരദേശികളുടെ ബന്ധുവായി. എന്റെ ആദ്യ പുത്രൻ ഗർഷോം. - വിപ്രവാസി, ആട്ടിയോടിക്കപ്പെട്ടവൻ എന്നെല്ലാമാണ് ഈ പേരിനർത്ഥം. റവുവേലിന്റെ ആടുകളെ മേയിച്ച് സന്തോഷത്തോടെ കുടുംബജീവിതം നയിച്ചപ്പോഴും ദൈവജനത്തെ വഴി നടത്തുകയെന്ന ദൗത്യം എന്നിൽ മുളയെടുക്കാൻ തുടങ്ങി. ദൈവം തന്റെ പ്രതിനിധിയാകാൻ “ആടും ഇടയനും” എന്ന പരിശീലനക്കളരിയിലൂടെ എന്നെ വാർത്തെടുത്തു. ചൂടും, തണുപ്പും, വിശപ്പും എന്നെ ക്ഷമാശീലനും, ശാന്തനും, ത്യാഗസന്നദ്ധനുമാക്കി മാറ്റി. ശേഷം അടുത്ത ലക്കത്തിൽ “എന്റെ ദൗത്യനിർവ്വഹണം” വിവരിക്കാം.

# ദാവീദും - ഗോലിയാത്തും

**അബ്നർ**

ഹോളി ഫാമിലി യൂണിറ്റ്

അതിശക്തനായ ഗോലിയാത്ത് എന്ന മല്ലൻ യുദ്ധമുഖത്തിൽ നിന്ന് ഇസ്രായേൽ സേനകളെ പുച്ഛിക്കുകയും പരിഹസിക്കുകയും 40 ദിവസം രാവിലെയും വൈകീട്ടും വെല്ലുവിളിക്കുകയും ചെയ്തു. അങ്ങനെ ഇരിക്കെ ബാലനായ ദാവീദ് ആത്മാവിന്റെ പ്രേരണയാൽ ഗോലിയാത്തിനെ നേരിടാൻ വന്നു. അപ്പോൾ ഗോലിയാത്തിന് ദേഷ്യം തോന്നി. ഗോലിയാത്ത് ചോദിച്ചു: എന്റെ നേരെ വടിയുമായി വരാൻ ഞാൻ എന്താ പട്ടിയോ? ദാവീദ് കർത്താവിന്റെ പ്രേരണയാൽ തന്റെ കവണയിൽ കല്ലു വെച്ച് ഗോലിയാത്തിന്റെ നെറ്റിക്ക് ആഞ്ഞ് എറിഞ്ഞു. ഗോലിയാത്ത് മലർന്നടിച്ച് വീണു. ദാവീദ് ഓടിച്ചെന്ന് തലവെട്ടി. ഇത് കണ്ട ഫിലിസ്ത്യർ ഓടിപ്പോയി.

Moral : ദൈവത്തിന്റെ നാമത്തിൽ എന്തു ചെയ്താലും അത് പരാജയപ്പെടുകയില്ല.

# ആന്റിബയോട്ടിക് റിസിസ്റ്റൻസ്
## (ANTIBIOTIC RESISTANCE)

**ഡോ. മിനു ജോസ്**
ഹോളി ട്രിനിറ്റി യൂണിറ്റ്

ബാക്ടീരിയകൾ മൂലം ഉണ്ടാകുന്ന അണുബാധകളെ പ്രതിരോധിക്കാനും ചകിത്സിക്കാനും ഉള്ള മരുന്നുകളാണ് ആന്റിബയോട്ടിക്സ്. രോഗിചികിത്സാ രംഗത്തും ആരോഗ്യ പരിചരണ രംഗത്തും ആന്റിബയോട്ടിക്കുകളുടെ ഉപയോഗം അത്യന്താപേക്ഷിതമാണ്. 1928ൽ സ്കോട്ട്ലാന്റ്കാരനായ അലക്സാണ്ടർ ഫ്ളെമിംഗ് എന്ന ശാസ്ത്രജ്ഞൻ ആണ് 'പെൻസിലിൻ' എന്ന ആദ്യത്തെ ആന്റിബയോട്ടിക് കണ്ടുപിടിച്ചത്. പ്രസ്തുത കണ്ടുപിടുത്തത്തിനുള്ള നോബർ സമ്മാനം ഏറ്റുവാങ്ങുന്ന വേളയിൽ അദ്ദേഹം ആന്റിബയോട്ടിക്കുകളുടെ ദുരൂപയോഗം മൂലം ഉണ്ടായേക്കാവുന്ന 'ആന്റിബയോട്ടിക് റിസിസ്റ്റൻസിനെപ്പറ്റി മൂൻകൂട്ടി പറഞ്ഞിരുന്നു.' ഇന്ന് ലോകാരോഗ്യ സംഘടന ആന്റിബയോട്ടിക് റിസിസ്റ്റൻസിനെ അതീവ ഗൗരവസ്വഭാവമുള്ള ഒന്നായി നോക്കികാണുന്നു.

രോഗം പരത്തുന്ന ബാക്ടീരിയകൾ ആന്റിബയോട്ടിക്കുകൾക്ക് എതിരെ പ്രതിരോധശേഷി കൈവരിക്കുകയും അതുമൂലം മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നതുമാണ് ആന്റിബയോട്ടിക് റിസിസ്റ്റൻസ് കൊണ്ടു നമ്മൾ മനസ്സിലാക്കേണ്ടത്.

ആന്റിബയോട്ടിക്കുകളുടെ അധികഡോസ്, ഡോക്ടർമാരുടെ നിർദ്ദേശം കൂടാതെയുള്ള അമിത ഉപയോഗം, നിർദ്ദേശിച്ച ഡോസ് മുഴുവനായി എടുക്കാതിരിക്കാൻ, വൈറസ് മൂലം ഉണ്ടാകുന്ന രോഗങ്ങളിൽപോലും അനാവശ്യമായുള്ള ആന്റിബയോട്ടിക് ഉപയോഗം, കന്നുകാലികളിലും കോഴികളിലും മറ്റും ശരീരവളർച്ചയ്ക്കായി ഉള്ള ആന്റിബയോട്ടിക്കുകളുടെ തെറ്റായ ഉപയോഗം, ഇവയെല്ലാം ആന്റിബയോട്ടിക് റിസിസ്റ്റൻസിന് വഴി തെളിഞ്ഞു.

ആന്റിബയോട്ടിക് റിസിസ്റ്റൻസ് കാരണം അണുബാധമൂലമുള്ള രോഗങ്ങളുട എണ്ണവും ചികിത്സാ സമയവും, ചിലവും മരണനിരക്കും വർദ്ധിച്ചുവരുന്ന പ്രവണതയാണ്കാണുന്നത്.

വിദഗ്ദരായ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമുള്ള ആന്റിബയോട്ടിക് ഉപയോഗവും, ഭക്ഷ്യവശ്യത്തിനുള്ള മൃഗങ്ങളിൽ അനാ

വശ്യമായി ആന്റിബയോട്ടിന് ഉപയോഗിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഒരു പരിധിവരെ ആന്റിബയോട്ടിക് റിസിസ്റ്റൻസിനെ തടഞ്ഞു നിർത്തുവാൻ കഴിയും.

ആന്റിബയോട്ടിക്കുകളുടെ കണ്ടുപിടുത്തങ്ങൾ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഉള്ള ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഫലപ്രദമാക്കാൻ നമുക്കു സാധിക്കട്ടെ. അതോടൊപ്പം വൃത്തിയുള്ള ജീവിതസാഹചര്യങ്ങളും ശീലങ്ങളും അണുബാധകളെ അകറ്റി നിർത്താൻ നമ്മെ സഹായിക്കട്ടെ.

# പണക്കൊതിയന്മാരെ

**അലിയ ഷാജു**
സെന്റ് ജോസഫ് യൂണിറ്റ്

ഒരിടത്ത് ഒരു മുത്തശ്ശിയുണ്ടായിരുന്നു. മുത്തശ്ശിക്ക് പത്തുമക്കൾ ഉണ്ടായിരുന്നു, മുത്തശ്ശിക്ക് വയസ്സായപ്പോൾ അവരെല്ലാം ഒരു വീട്ടിലേക്ക് താമസമായി. ഒരു ദിവസം മുത്തശ്ശിയുടെ ഒരു കൂട്ടുകാരി വന്നു. മുത്തശ്ശിയോട് ചോദിച്ചു: അപ്പോൾ മുത്തശ്ശി പറഞ്ഞു അവരൊക്കെ വേറെ വീട്ടിലേക്ക് പോയി. അപ്പോൾ മുത്തശ്ശിയുടെ കൂട്ടുകാരി മുത്തശ്ശിക്ക് ഒരു സൂത്രം പറഞ്ഞുകൊടുത്തു. നീ ഒരു പെട്ടി സമ്പാദിക്കുക എന്നിട്ട് അതിൽ കുറച്ചു നാണയം എടുക്കുക. എന്നിട്ട് കട്ടിലിന്റെ അറ്റത്ത് വെക്കുക. ഒരു ദിവസം മുത്തശ്ശിയുടെ ഒരു പേരക്കുട്ടി വന്നപ്പോൾ കട്ടിലിന്റെ അറ്റത്ത് വെച്ച പെട്ടി കണ്ടു. പേരക്കുട്ടി അത് വീട്ടിൽ പറഞ്ഞു. അപ്പോൾ മുത്തശ്ശിയുടെ മക്കളും, മരുമക്കളും മുത്തശ്ശിയോട് തന്റെ വീട്ടിൽ താമസിക്കണം എന്നു പറഞ്ഞു. മുത്തശ്ശി പറഞ്ഞു: വേണ്ട വേണ്ട മക്കളെ ഇത്രകാലം ഞാൻ താമസിച്ച വീട്ടിൽ തന്നെ താമസിക്കാം എന്നു പറഞ്ഞു. അപ്പോൾ മൂത്തമകൻ കുറച്ചു ഭക്ഷണം കൊടുത്തയച്ചു. പിന്നെ രാത്രി മുത്തശ്ശിക്ക് കൂട്ടുകിടക്കാനും വരും . ഒരു ദിവസം മുത്തശ്ശി അബോധാവസ്ഥയിലായി. മുത്തശ്ശിയുടെ മക്കളും മരുമക്കളും നോക്കി നിൽക്കെ മുത്തശ്ശി ശാന്തമായി മരിച്ചു. മുത്തശ്ശിയുടെ അടിയന്തിരവും ഭംഗിയായി നടത്തി. ഒരു ദിവസം മുത്തശ്ശിയുടെ പെട്ടി തുറന്നു. അപ്പോൾ അതിൽ കുറേ കല്ലും, കരിങ്കല്ലും മാത്രമേ മക്കൾ കണ്ടുള്ളൂ, കൂട്ടത്തിൽ ഒരു നാണയവും. പണക്കൊതിയന്മാരായ മക്കൾ വാ പൊളിച്ചു നിന്നു.

# സങ്കീ. 56: "ഞാൻ നിർഭയനായി ദൈവത്തിൽ ആശ്രയിക്കും."

**മേഴ്സി വിൻസെന്റ്**
ഹോളി ട്രിനിറ്റി യൂണിറ്റ്

56-ാം സങ്കീർത്തനം ദാവീദ് എഴുതിയ സാഹചര്യം വിവരിക്കുന്നത് 1 സാമുവൽ 21-ാം അധ്യായത്തിലാണ്. സാവൂളിൽനിന്നും രക്ഷപ്പെടാൻവേണ്ടി 15 വർഷം മരുഭൂമിയിൽ അലഞ്ഞുനടന്ന സമയത്താണ് ദാവീദ് 56-ാം സങ്കീർത്തനം രചിച്ചത്. കാരണം സഹനത്തിന്റെ നാളുകളിലാണ് ദൈവം നമ്മിൽ വർഷിച്ച അഭിഷേകം പ്രകടമാകുന്നത്. 56-ാം സങ്കീർത്തനത്തിലെ ഓരോ വരികൾ വായിച്ചാലും സഹനത്തിന്റെ സമയത്ത് നാം ദൈവത്തെ എത്ര ആശ്രയിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും.

സങ്കീ. 56:6 : "അവിടുന്ന് എന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. എന്റെ കണ്ണീർകണങ്ങൾ അങ്ങ് കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്. അവ അങ്ങയുടെ ഗ്രന്ഥത്തിലുണ്ടല്ലോ."

ഈ വചനം വായിക്കുമ്പോൾ നമുക്ക് ഒരുകാര്യം വ്യക്തമാകും. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവം കാണുന്നുണ്ട്. നമുക്ക് പലപ്പോഴും നാം ചെയ്യുന്ന അധ്വാനം എന്റെ ജീവിതപങ്കാളി, മക്കൾ, മാതാപിതാക്കന്മാർ, സഹപ്രവർത്തകർ അങ്ങനെ നാം ഏർപ്പെടുന്ന മേഖലകളിലെ ആരും മനസ്സിലാക്കിയില്ലല്ലോ അഭിനന്ദിച്ചില്ലല്ലോ എന്ന പ്രയാസം ഉണ്ടാകാം. അപ്പോൾ നാം ഓർക്കേണ്ട ഒരു വചനമാണ് സങ്കീ. 56:6. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവം കാണുന്നുണ്ട് എന്ന ബോധ്യം നമുക്കുണ്ടെങ്കിൽ ആരും പ്രശംസിച്ചില്ലെങ്കിലും സാരമില്ല. ഈ ഒരറിവ് നമുക്ക് കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാൻ നമ്മെ സഹായിക്കും. പലപ്പോഴും മനുഷ്യർ നമ്മെ നിരുത്സാഹപ്പെടുത്തും നീ ഇത്രയൊക്കെ ചെയ്തിട്ട് നിന്നെ ആരും ഗൗനിക്കുന്നില്ലല്ലോ. അപ്പോഴൊക്കെ നാം സങ്കീ. 56:6 വചനം ഓർത്താൽ നമുക്ക് ശക്തി ലഭിക്കും. ആരുടേയും പ്രശംസയ്ക്കും കാത്തുനിൽക്കാതെ ഈ ലോകത്ത് നന്മകൾ ചെയ്ത് ജീവിക്കാൻ സാധിക്കും. ഓരോരുത്തരുടേയും ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ആ പദ്ധതി അനുസരിച്ച് ജീവിക്കാനും ദൈവം ആഗ്രഹിക്കുന്നത് ചെയ്യുവാനും സാധിക്കും. എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

കഥയെഴുത്ത്



# സഹഗമനം

**ജോഷി ജോയ് സി.**
സെന്റ് ജോൺസ്

സഹഗമനം അഥവാ കൂടെ പോകൽ എന്ന തലക്കെട്ട് കേൾക്കുമ്പോൾ എനിക്ക് ഓർമ്മയിൽ വരുന്നത് യേശുവിന്റെ പ്രിയശിഷ്യന്മാരെക്കുറിച്ചാണ്. യേശുവിന്റെ കൂടെ ഏതൊരു കാര്യത്തിനും കൂടെയുണ്ടായിരുന്ന ശിഷ്യന്മാർ പല അവസരങ്ങളിലും പതറിപ്പോയിരുന്നുവെങ്കിലും വീണ്ടും ക്രിസ്തുവിനോട് കൂടെ യാത്ര ചെയ്യാൻ മനസ്സു കാണിക്കുകയും അങ്ങനെ ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായി തീരുകയും ചെയ്തു.

ക്രിസ്തുവിനോട് കൂടെ പോയാൽ തങ്ങൾക്ക് ഒരു പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാവുകയില്ലെന്ന് അവർ വിശ്വസിച്ചിരുന്നു. അതുകൊണ്ട് തന്നെ അവർക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല യേശുവിനോടൊപ്പം നടക്കാൻ. പ്രയാസമുള്ള അവസരങ്ങളിൽ നമുക്ക് അവനോടൊപ്പം മരിക്കാം എന്ന് വരെ ക്രിസ്തുശിഷ്യൻ പറഞ്ഞതായി നാം ബൈബിളിൽ കാണുന്നു.

ഇന്നത്തെ ജീവിതത്തിൽ ക്രിസ്ത്യാനികളായ നമ്മൾ യേശുവിനോട് കൂടെ പോകാൻ പലപ്പോഴും മടികാണിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടിയും അഹങ്കാരം കൊണ്ടും മനുഷ്യർ ദൈവത്തിന്റെ കൂടെ ആയിരിക്കാൻ മടി കാണിക്കുന്നു. കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസിനെയാണ് അവിടെത്തെ സഭയെ മുൻപോട്ട് കൊണ്ടുപോകാൻ ഏല്പിച്ചത്. അതായത് യേശുവിന്റെ കൂടെ പോയാൽ ഏതൊരു വ്യക്തിക്കും അവൻ പാപിയായാൽപോലും ദൈവത്തിന്റെ അനുഗ്രഹം ലഭിക്കും. അതുകൊണ്ട് നാം പാപത്തിൽനിന്നു പിൻതിരിഞ്ഞ് കർത്താവിനോടുകൂടെ നടക്കാൻ ശ്രമിക്കാം.

YOUR HAPPINESS IS OUR PRIORITY



## Specialities

We take your photos and videos in our elegant style. We can give your wedding that Beautiful Experience you will cherished for years to come.

1. Premium quality wedding photography & videography.
2. Output with in 20 days.
3. Photography & videography at affordable price.
4. We have best team of photographers and videographers.

GARLAND
WEDDING STORIES

Our Address
Karshaga Nagar,
Ayyanthole, Thrissur
Ph: +91 9496350343
(sister concern of Mayoora Creations)

Our packages give you unbeatable value!

# 1st YEAR OF DEMISE

25.03.2021





## BABU P.A

**PAREKKADEN HOUSE**

**BORN : 10.08.1961**
**DIED : 25.03.2020**

With Loving Memories
Sorrowing Family

ST. SEBASTIAN UNIT

# പാവനസ്മരണയ്ക്ക്



കൈപറമ്പിൽ വറീത് മകൻ

## അന്തോണി

ജനനം : 25.02.1930
മരണം : 11.05.2016





കൈപറമ്പിൽ വറീത് ഭാര്യ

## റോസി

ജനനം : 17.01.1940
മരണം : 26.03.2016

സ്നേഹസ്മരണകളോടെ
ജോസ് കൈപ്പറമ്പിൽ & ഫാമിലി

സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

# Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

# വാഗ്ദാനത്തിന്റെ പുത്രൻ

**നാസ്നീൻ തോമസ്**
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

സാറയ്ക്ക് വളരെ അധികം പ്രായമായിരുന്നു. അതുകൊണ്ട് അവൾക്ക് ഒരു പുത്രൻ ഉണ്ടാകുമെന്ന് അവൾ വിചാരിച്ചിരുന്നില്ല. എന്നാൽ ദൈവം അബ്രാഹത്തിന് ഒരു വാഗ്ദാനം നൽകിയിരുന്നു, അബ്രാഹത്തിന് ഒരു പുത്രൻ ഉണ്ടാകുമെന്ന്. അതുകേട്ട് അബ്രാഹം ചിരിച്ചു. പിറ്റേദിവസം മൂന്ന് മനുഷ്യർ വെയിലത്ത് നിൽക്കുന്നത്, അബ്രാഹം കണ്ടു. അബ്രാഹം അവരോടു പറഞ്ഞു. “നിങ്ങൾ പോയി ഒരു മരത്തിന്റെ അടിയിൽ ഇരിക്കൂ. ഞാൻ പോയി ആഹാരം എടുത്തു കൊണ്ടുവരാം.”

അബ്രാഹം അകത്തുപോയി സാറയോടു പറഞ്ഞു. “നീ നല്ല രുചി യുള്ള ബ്രഡ് ഉണ്ടാക്കുക.” അങ്ങനെ അവർ നല്ല ഭക്ഷണം കഴിച്ചു. അവർ ചോദിച്ചു. “സാറ എവിടെ?” അവൾ അകത്തുണ്ട്. അവൾ ഒൻപത് മാസങ്ങൾ കഴിഞ്ഞാൽ ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഇസ ഹാക്ക് എന്ന് പേരിടണം.”

“ദൈവത്തിന് ഒന്നും അസാധ്യമല്ല.”

# ജീവന്റെ അവശേഷിപ്പുകൾ

**നീതു മേജോ**
സന്റ് പീറ്റർ യൂണിറ്റ്

നഗരമധ്യത്തിലെ ഒരു ഫ്ളാറ്റ് സമുച്ചയത്തിന്റെ മുകളിൽ നിന്ന് ഒരമ്മ ആലോചനയിൽ മുഴുകിയിരിക്കുകയാണ്. താൻ സഞ്ചരിച്ച വഴിയിലൂടെ അവർ ഓർമ്മകളെ പെറുക്കിയെടുക്കുകയാണ്. ഇന്ന് ആ അമ്മ തനിച്ചാ ണ്. തനിക്കു പറ്റിയ ജീവിതത്തിലെ പാളിച്ചകളാണ് ഇപ്പോൾ അവരെ അനാഥയാക്കിയത്. തന്റെ മകന്റെ മരണത്തിന്റെ ഏക ഉത്തരവാദി ആ അമ്മയാണ്. ഭർത്താവുമായി വളരെ ചെറുപ്പത്തിൽ തന്നെ ബന്ധം വേർപ്പെടുത്തേണ്ടി വന്നപ്പോൾ ആ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മധുരം അല്പം കൂടുതൽ ആസ്വദിച്ചു. ആയതിന്റെ ഫലമായി അവർക്ക് മറ്റൊരു പുരുഷനുമായി അവിഹിതബന്ധത്തിൽ ഏർപ്പെടേണ്ടിവന്നു. അത് ആ അമ്മയുടെ മകൻ റാമിന് ഏറ്റവും വെറുപ്പും ദേഷ്യവും അമ്മയോട് കൂടാ നിടയാക്കി. അവർ തമ്മിൽ കലഹങ്ങൾ പതിവായി. ഒരു ദിവസം റാം ബൈക്കുമെടുത്ത് വീട്ടിൽനിന്ന് ഇറങ്ങി. റോഡിലൂടെ പരമാവധി വേഗ തയിൽ വാഹനം ഓടിച്ചു. വേഗത കൂട്ടുന്നത് അവനിലെ അമ്മയോടുള്ള ദേഷ്യക്കൂടുതലിനെ പ്രതിഫലിപ്പിച്ചുകൊണ്ടിരുന്നു.

ഇത് രവിയുടെ വീടാണ്. ഇവിടെ നിറയെ പൂക്കളും ചിത്രശലഭങ്ങളും ഒക്കെയുണ്ട്. രവിക്ക് ഒരു മകളാണ് ഉള്ളത്. പേര് ഉമ. അവൾക്ക് പ്രായം 'പത്ത്'. എപ്പോഴും ഈ പൂന്തോട്ടത്തിലാണ് ഇരിപ്പ്. പൂക്കളെ തഴുകി അവയുടെ നിറങ്ങളെപറ്റി അച്ഛനോട് എപ്പോഴും ചോദിച്ചുകൊണ്ടിരിക്കും. കാരണം കണ്ണിലെ ഇരുട്ട് അവൾക്ക് വർണ്ണങ്ങളെ കാണാനുള്ള കൊതി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

അച്ഛാ... ഈ പൂക്കളുടെ മണങ്ങളെപ്പോലെ തന്നെയാണോ അവയുടെ നിറങ്ങളും...

അച്ഛൻ : അത് ഇപ്പോ... ഞാൻ എങ്ങിനാ പറയാ...

ഉമ : നാളെ ഡോക്ടറെ കാണേണ്ടേ?

അച്ഛൻ : വേണം! കണ്ണിന്റെ കാര്യത്തിൽ ഒരു തീരുമാനം ഇന്നു പറയാം എന്നാ പറഞ്ഞേ.

ഉമ : എനിക്കു പറ്റിയ കണ്ണു കിട്ടുവോ അച്ഛാ...

അച്ഛൻ : കിട്ടും...

ഉമ : (സന്തോഷത്തോടെ ചിരിക്കുകയാണ്).

അച്ഛൻ മനസ്സിൽ ആധിയാണ്. അവളെ ആശ്വസിപ്പിക്കാൻ പറഞ്ഞതാണ്. ഉള്ളിലെ ചിതറിക്കിടക്കുന്ന വേദനകൾ അവളെ കാണിക്കാൻ പറ്റില്ലല്ലോ...

ഒരു പാട് വർഷത്തെ പ്രണയത്തിനൊടുവിൽ വിവാഹിതരായ വിദ്യയും രാജുവും വേദനയോടെ പരസ്പരം മുഖം നോക്കി ഇരിക്കുകയാണ്. രാജുവിന്റെ ഒരു വൃക്ക തകരാറിലാണ്. മാറ്റിവയ്ക്കാൻ പറ്റിയ, അദ്ദേഹത്തിന് യോജിച്ച വൃക്ക ഇതുവരെ ലഭിച്ചില്ല.

വിദ്യ : സ്നേഹിക്കുന്നവരെ ദൈവം ഒന്നിപ്പിക്കുമെന്ന് പറഞ്ഞത് ഇത്രയും വേദന തരാനാണോ രാജു...

രാജു : എല്ലാ സുഖങ്ങളും എല്ലാവർക്കും കൊടുക്കില്ലല്ലോ വിദ്യേ...

പ്രാർത്ഥനകളും നേർച്ചകളും കൊണ്ട് ജീവിതം വീർത്ത് പൊട്ടാറായി. എന്നാവും ഇതിനൊക്കെ ഒരു ശമനം ലഭിക്കുക... രണ്ടുപേരും പരസ്പരം കൈകോർത്ത് ജീവിതത്തിന്റെ അവസാനനിമിഷത്തിന്റെ രുചികൾ അനുഭവിക്കുകയാണ്.

തിരക്കേറിയ റോഡിലൂടെ റാം ബൈക്ക് വേഗത്തിൽ ഓടിച്ചു. പെട്ടെന്ന് ഒരു വാഹനം ഇടയിൽ കയറി റാമിന്റെ വാഹനത്തിന്റെ നിയന്ത്രണം വിട്ടു. പോസ്റ്റിൽ ചെന്ന് ഇടിച്ചു. ഉടൻതന്നെ ആളുകൾ കൂടി... ആംബു

ലൻസ് വന്ന് റാമിനെ ഹോസ്പിറ്റലിൽ എത്തിച്ചു. ജീവൻ രക്ഷിക്കാനായില്ല. മസ്തിഷ്കമരണം സംഭവിച്ചു. റാം മനസ്സിൽ കണ്ടതുപോലെ അവനിഷ്ടമില്ലാത്ത ലോകത്ത് നിന്ന് അവൻ വിടപറഞ്ഞു. പക്ഷേ അവൻ തന്റെ അവയവങ്ങൾ ദാനം നൽകിയിരുന്നു.

ഉമയ്ക്ക് കണ്ണും രാജുവിന് വൃക്കയും റാമിൽനിന്ന് കിട്ടി.

ഓപ്പറേഷന് ശേഷം ഉമക്കുട്ടി പൂന്തോട്ടത്തിൽ നിറയെ പല വർണ്ണങ്ങളുടെ പത്തുമണിപൂക്കൾ വെച്ചുപിടിപ്പിക്കാൻ തുടങ്ങി. വർണങ്ങളോട് അവൾക്ക് ഒരു പ്രത്യേക ഭ്രമം തുടങ്ങി. അവൾക്ക് കണ്ണുകൾ നൽകിയ ചേട്ടന്റെ ആത്മാവിനുവേണ്ടി എന്നും പ്രാർത്ഥിച്ചു.

വിദ്യയ്ക്കും രാജുവിനും ദൈവം നൽകിയ രണ്ടാം ജന്മം കൂടിയാണിത്. രാജുവിന് മറ്റുള്ളവരെപ്പോലെ ജീവിക്കാൻ കഴിയുന്നില്ലെങ്കിലും അവർ തീർത്തും സന്തോഷത്തിലാണ്. ഒരു കുഞ്ഞിനെയെന്നപ്പോലെ വിദ്യ രാജുവിനെ തന്റെ ജീവിതത്തിലുടനീളം പരിചരിച്ചു.

സമൂഹത്തിൽ തീർത്തും കറുത്ത മഷി പുരണ്ട റാം രണ്ട് ജീവനുകളെയാണ് ഉണർത്തിയത്. അമ്മ തന്റെ ആത്മ നിയന്ത്രണമില്ലായ്മയിലൂടെ ഒരു കൊലപാതകിയുടെ വേഷമാണ് അണിയേണ്ടിവന്നിരിക്കുന്നത്. ദൈവത്തിന്റെ കോടതിയിൽ തീർത്തും അവൾക്ക് മാപ്പില്ല. ഒരു ജീവനെ ഇല്ലാതാക്കാൻ പ്രേരിപ്പിച്ച ജീവന്റെ അംശമാണ് ആ അമ്മ, തനിച്ചായത് അവളുടെ കർമ്മഫലം.

റാം ഇന്നും നീ ജീവിക്കുകയാണ് മറ്റു ചില മനുഷ്യരിലൂടെ... "നിന്റെ ജീവന്റെ തുടിപ്പുകളാണ് അവരിൽ പ്രസരിക്കുന്നത്"... "നീ അവശേഷിപ്പിച്ച നിന്റെ നന്മയാണ് അവരിൽ ജീവിക്കുന്നത്"...

# നല്ലവനായ കർഷകൻ

**മരിയ സിബി**
സെന്റ് പീറ്റർ യൂണിറ്റ്

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു കർഷകനുണ്ടായിരുന്നു. അയാളുടെ പേര് സിബി എന്നായിരുന്നു. അയാളുടെ ഭാര്യയുടെ പേര് ദിവ്യ എന്നായിരുന്നു. അയാൾ രണ്ട് മക്കളുണ്ടായിരുന്നു. സുന്ദരിയായ ഒരു പെൺകുട്ടിയും സുന്ദരനായ ഒരു ആൺകുട്ടിയും. ഓണം വരവായതുകൊണ്ട് ഓരോ ചെടി സന്തോഷത്തോടെ നട്ടുപിടിപ്പിച്ചു. അങ്ങനിരിക്കെ ഒരു ദിവസം കനത്ത മഴ. അയാളുടെ ഗ്രാമം വളരെ ചെറുതായിരുന്നു. അയാൾ മഴയായാലും കൃഷിയിടത്തിലിറങ്ങി ജോലി ചെയ്യാൻ തുടങ്ങി. അങ്ങനെ മഴയുടെ ശക്തി കൂടി. കനത്ത മഴ. വെള്ളപ്പൊക്കമായി മാറി. അയാളുടെ വീടും കൃഷിയും എല്ലാം വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയി. അയാൾ വളരെ ദൈവവിശ്വാസിയായിരുന്നു. ഇതെല്ലാം സംഭവിച്ചിട്ടും

അദ്ദേഹം ദൈവത്തെ കൈവിട്ടില്ല. അയാൾ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. അയാളുടെ കുടുംബം പട്ടിണിയിലായി. ദൈവത്തെ കരഞ്ഞ് വിളിച്ച് പ്രാർത്ഥിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് ലോട്ടറിക്കാരന്റെ വിളികേട്ടത്. "സിബി.... സിബി.... ഇത്തവണത്തെ ഓണം ബംബർ നിനക്കാടാ." ലോട്ടറിക്കാരന്റെ ആ ഒരു വിളിയിൽ സിബിയുടെ ജീവിതം തന്നെ മാറ്റിമറച്ചു. സിബിക്ക് ഇതെല്ലാം കിട്ടിയെങ്കിലും അയാൾ ദൈവത്തെ മറന്നില്ല. അയാൾ ദൈവത്തോട് നന്ദി പറഞ്ഞു. ഇതിൽനിന്ന് നമുക്ക് മനസ്സിലാകുന്ന ഗുണപാഠമെന്താണ് ? "ദൈവത്തെ ആശ്രയിക്കുക, നമ്മുടെ ഭാവികാര്യങ്ങൾ ദൈവം നോക്കിക്കോളും."

# സ്വപ്നം... സ്വപ്നം...

**മേഴ്സി ജെസിന്റോ**
സെന്റ് തോമസ് യൂണിറ്റ്

ഈശോയുടെ കുഞ്ഞുമക്കളേ....

മാർച്ചുമാസം ഇതാ വന്നുകൊണ്ടിരിക്കുന്നു. വാർഷിക പരീക്ഷക്ക് തകൃതിയായി ഒരുങ്ങാനുള്ള തയ്യാറെടുപ്പിലാണ് എല്ലാവരും. ഭാവിയെക്കുറിച്ചുള്ള പദ്ധതികളും അതോടൊപ്പം ജീവിതത്തിന്റെ ലക്ഷ്യത്തിലേക്കുള്ള അടുത്തകാൽവെയ്പുകളും ആസൂത്രണം ചെയ്യേണ്ടതാവശ്യമാണ്. അത്തരത്തിലുള്ള ആസൂത്രണങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ആദ്യമേ ജീവിതത്തെക്കുറിച്ച് വ്യക്തമായ ഒരു സ്വപ്നമുണ്ടായിരിക്കണം.

നാസി തടവറയിൽ നരകത്തോളം യാതന അനുഭവിച്ച ഒരു ഭിശഷഗ്വരനായിരുന്നു വിക്ടർ ഫ്രാങ്ക്ളിൻ. മാസങ്ങളോളം അദ്ദേഹം ജയിലിൽ കഴിച്ചുകൂട്ടി. സഹതടവുകാരിൽ പലരും പട്ടിണികൊണ്ട് മരണംപൂകി. ചിലർ ശപിച്ചുതള്ളിയും നിരാശയിലും ജീവനൊടുക്കി. എന്നാൽ ഫ്രാങ്ക്ളിൻ മാത്രം മരണത്തെ അതിജീവിച്ചു. എങ്ങനെയെന്നോ? അദ്ദേഹത്തിനൊരു സ്വപ്നമുണ്ടായിരുന്നു. തീക്ഷ്ണമായ ആ സ്വപ്നത്തിനു മുമ്പിൽ എല്ലാ യാതനകളും മുട്ടുമടക്കി. ഫലമോ? "Man's search for meaning" എന്ന വിശ്വവിഖ്യാതഗ്രന്ഥം യാഥാർത്ഥ്യമായി.

അതെ, വേണം നമുക്കൊരു സ്വപ്നം. പോരാ, സ്വപ്നങ്ങൾക്ക് ചിറക് നൽകാനുള്ള ഇച്ഛാശക്തിയും നാം നേടിയെടുക്കണം. അതിനോ കഠിനാദ്ധ്വാനം ചെയ്യാനുള്ള ഒരു മനസ്സ് നാം പാകപ്പെടുത്തണം.

എട്ടുതവണ മത്സരിച്ച് പരാജയപ്പെട്ടിട്ടും എബ്രാഹാം ലിങ്കന്റെ സ്വപ്നം വാടിക്കരിഞ്ഞില്ല. ആയിരം കണ്ടുപിടുത്തങ്ങൾ കത്തിച്ചാമ്പലായിട്ടും എഡിസന്റെ സ്വപ്നം യാഥാർത്ഥ്യമാവാതിരുന്നോ? ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമിന്റെ വാക്കുകളിൽ 'സ്വപ്നങ്ങൾ ചിന്തകളായും ചിന്തകൾ പ്രവർത്തികളായും മാറുന്നു.'

പ്രിയ കുഞ്ഞുങ്ങളെ, നമ്മുടെ ഫ്രാൻസിസ് മാർപാപ്പ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു; 'സ്വപ്നം കാണുക, സ്വപ്നത്തിൽ ദൈവത്തിന്റെ പദ്ധതികൾ നിങ്ങൾക്ക് വ്യക്തമാകും.' കഠിനാദ്ധ്വാനത്തിന്റേയും തളരാത്ത ഇച്ഛാശക്തിയുടേയും ദൈവാശ്രബോധമുള്ള ഒരു മനസ്സിന്റേയും ഉടമകളായി വളരാൻ എപ്പോഴും നമുക്കൊരു സ്വപ്നമുണ്ടായിരിക്കട്ടെ.

'സ്വാശ്രയശീലനും അദ്ധ്വാനപ്രിയനും ജീവിതം മധുരമാണ്' (പ്രഭാഷകൻ 40/18).

# പ്രമേഹം



**Dr. T.P. Antony**
Medicine Professor & Ex Hod
Department of Medicine,Thrissur
Medical College & Amala
Medical College

എല്ലാ കുടുംബങ്ങളിലും സമൂഹത്തിലും വ്യാപകമായി കാണുന്ന ഒരു അസുഖമാണ് പ്രമേഹം. പ്രമേഹത്തിനെപറ്റി ധാരണകളും തെറ്റിദ്ധാരണകളും ഉള്ളതായി കാണുന്നു.

ശരീരത്തിൽ ഷുഗർ കൂടുന്ന അവസ്ഥയെ ആണ് നാം പ്രമേഹം എന്ന് പറയുന്നത്.

**Normal Value സാധാരണ കാണേണ്ട ഷുഗർ**

സാധാരണ ഒരാൾക്ക് രാവിലെ എഴുന്നേൽക്കുമ്പോൾ (8 hours after last meal) ഷുഗർ 110 mg% ന് താഴെയും 75 gm glucose കഴിച്ച് 2 മണിക്കൂർ കഴിയുമ്പോൾ 140 ന് താഴെയും ആയിരിക്കും.

Fasting Blood Glucose <110 mg%
2 Hr post prandial glucose <140 mg%

**പ്രമേഹം എന്നാൽ എന്ത്?**

രാവിലെ Fasting Glucose (ആഹാരത്തിന് മുമ്പ് 8 Hr after last meal) 126 mg% ന് മുകളിൽ എങ്കിൽ പ്രമേഹം ഉണ്ടെന്ന് അനുമാനിക്കാം. 2 Hr Post Prandial Glucose 200 ന് മുകളിൽ ആണെങ്കിൽ പ്രമേഹം ഉണ്ട്.

FBS > 126 mg%
2 hr PPB > 200 mg%

**മറ്റു സാഹചര്യങ്ങൾ**

ഇത് ഇടയിൽ വന്നാൽ എന്താണർത്ഥം? Fasting glucose 110 mg % ന് മുകളിലും 126 mg% ഇടയിൽ വന്നാൽ Impaired Fasting Glucose എന്നും പറയുന്നു.

2 hr post Prandial glucose 140 ന് മുകളിലും 200 mg ന് താഴെയും എങ്കിൽ അതിനെ Impaired Glucose Tolenrance എന്ന് പറയുന്നു. ഈ രണ്ട് ഗ്രൂപ്പിനെയും ചേർത്ത് pre diabetics എന്നും പറയാവുന്നതാണ്. അതിന്റെ അർത്ഥം ഈ രോഗികൾക്ക് ഡയബ

റ്റിക്സ് ആകുവാനുള്ള സാധ്യത വളരെ കൂടുതൽ ആണ് എന്നാണ്.

$HbA_1C$ എന്ന ടെസ്റ്റും ഉണ്ട്. ഇത് കഴിഞ്ഞ 3 മാസത്തെ ശരീരത്തിലെ ഗ്ലൂക്കോസിനെ കാണിക്കുന്നു. $HbA_1C$, 6.5 ന് മുകളിൽ എങ്കിൽ പ്രമേഹം ഉണ്ടെന്ന് പറയാം.

**എങ്ങനെ കണ്ടുപിടിക്കാം?**

രക്തപരിശോധനയിലൂടെയാണ് പ്രമേഹം കണ്ടുപിടിക്കുന്നത്. 40 വയസ്സുകഴിഞ്ഞ എല്ലാവരും ഷുഗർ ടെസ്റ്റ് ചെയ്യുന്നത് നല്ലതാണ്. അതുപോലെ കുടുംബത്തിൽ സ്വന്തക്കാർക്ക് ഷുഗർ ഉണ്ടെങ്കിൽ എല്ലാ വർഷവും ഷുഗർ നോക്കേണ്ടതാണ്. ഗർഭിണിയാകുമ്പോൾ ഉണ്ടാകുന്ന പ്രമേഹം താൽക്കാലികമായി മാറിനിന്നാലും പിന്നീട് അവർക്ക് പ്രമേഹം വരും. അതിനാൽ ഗർഭകാലത്തിൽ ഷുഗർ കണ്ടിട്ടുള്ളവർ എല്ലാവരും വർഷത്തിൽ ഒരിക്കൽ ഷുഗർ നോക്കേണ്ടതാണ്. കുടുംബത്തിൽ ഷുഗർ ഇല്ലാത്തവർ 40 വയസ്സിൽ 1 തവണയും പിന്നീട് എല്ലാ 3 വർഷത്തിൽ ഒരിക്കലും ഷുഗർ നോക്കേണ്ടതാണ്.

**രോഗലക്ഷണങ്ങൾ**

പ്രമേഹരോഗികൾക്ക് പ്രത്യേകിച്ച് ലക്ഷണങ്ങൾ - ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഉണ്ടാകണം എന്നില്ല. അതുകൊണ്ടുതന്നെ പലപ്പോഴും ഡയബറ്റിസ് കണ്ടുപിടിക്കാതെ പോകുന്നു. അമിതമായ ദാഹം, കൂടുതൽ മൂത്രം പോകൽ, അമിതമായ വിശപ്പ്, ശരീരത്തിന്റെ ഭാരം കുറയുക, ശരീരത്തിന്റെ പ്രത്യേക ഭാഗങ്ങളിൽ ചൊറിച്ചിൽ ഉണ്ടാവുക, കാഴ്ച കുറയുക എന്നീ വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ ആയി പ്രമേഹം പ്രത്യക്ഷപ്പെടാം.

**പ്രമേഹം വരാനുള്ള കാരണങ്ങൾ എന്താണ്?**

ഒരു കാരണവും പ്രത്യേകമായി പറയുവാൻ വയ്യ. കുടുംബങ്ങളിൽ കൂടുതൽ പേർക്ക് കാണാം, പാരമ്പര്യമായി വരാം. ഇൻസുലിൻ കുറയുമ്പോഴോ, അതിന്റെ പ്രവർത്തനം തൃപ്തികരമാകാത്തപ്പോഴോ ഷുഗർ കൂടുവാൻ സാധ്യതയുണ്ട്. മറ്റു പല അസുഖങ്ങൾകൊണ്ടും പ്രമേഹം ഉണ്ടാകാവുന്നതാണ്. പാൻക്രിയാസ് എന്ന ഗ്രന്ഥിയാണ് ഇൻസുലിൻ ഉത്പാദിപ്പിക്കുന്നത്. പാൻക്രിയാ

സിന് അസുഖം വരികയോ, പ്രവർത്തനം നിൽക്കുകയോ, അത് ഓപ്പറേഷൻ വഴി എടുത്തുമാറ്റുകയോ ചെയ്താൽ പ്രമേഹം വരാവുന്നതാണ്. തൈറോയ്ഡ്, അഡ്രീനൽ എന്നീ ഗ്രന്ഥികളുടെ അസുഖം നിമിത്തവും ഷുഗർ കൂടാവുന്നതാണ്. പലതരം മരുന്നുകൾ കഴിച്ചാലും ഷുഗർ കൂടുവാൻ സാധ്യത ഉണ്ട്.

**പ്രമേഹം വരുന്നത് ആരുടേയും കുറ്റം അല്ല**

എല്ലാവരും ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. എന്റെ വീട്ടിൽ ആർക്കും ഈ രോഗം ഇല്ല. എനിക്ക് മാത്രം എന്തുകൊണ്ടാണ് ഈ അസുഖം? ആരുടെ കുറ്റം കൊണ്ടാണിത്? തലമുറതോറും മാറിമാറി വരുന്ന ജീവിതക്രമം ഒരുപക്ഷേ ഇതിന്റെ പിന്നിൽ ഉണ്ടായിരിക്കാം. ചില കാരണങ്ങൾ വളരെ വ്യക്തമായി കാണാവുന്നതാണ്.

1. പഴയതുപോലെ സ്കൂളുകളിൽ കുട്ടികൾ കളിക്കുന്നില്ല. അധ്യാപകർ കളികൾക്ക് മതിയായ പ്രാധാന്യം നൽകുന്നില്ല. അധ്യാപകർ മനസ്സിലാക്കേണ്ടതും കുട്ടികളെ പഠിപ്പിക്കേണ്ടതുമായ ഒരു കാര്യം 'Health is Wealth'.
2. 4 മണിക്ക് വീട്ടിൽ വന്നാൽ കുട്ടികൾ കളിക്കാൻ പോകുന്നില്ല. പല പ്രത്യേക കാരണങ്ങളും ഉണ്ടായിരിക്കാം. അതുകൊണ്ട് തന്നെ വലുതായിവരുമ്പോൾ അവർ കളികളിലും വ്യായാമങ്ങളിലും തല്പരർ അല്ല.
3. Road Revolution

   നടന്നും സൈക്കിളിലും പോയിരുന്ന നാം ഇന്ന് വാഹനങ്ങളിൽ മാത്രമേ സഞ്ചരിക്കുന്നുള്ളൂ.
4. Kitchen Revolution

   അമ്മിയും അരകല്ലും ഉരലും ഉലയ്ക്കയും എല്ലാം ഉപയോഗിച്ച അടുക്കളയിൽ ഇന്ന് എല്ലാത്തിനും പകരം മിക്സി, ഗ്രൈൻഡർ, എന്നിവ ഉണ്ട്.
5. Sound Revolution

   വിറകുവെട്ടിയ നാം ഇന്ന് Gas ഉപയോഗിക്കുന്നു. വെള്ളം കോരിയിരുന്ന നാം ഇന്ന് മോട്ടോർ വച്ച് വെള്ളം ശേഖരിക്കുന്നു.

6. Food Revolution

വീട്ടിലെ നാടൻ ഭക്ഷണം കഴിച്ചിരുന്ന നാം ഇന്ന് പലതരം വ്യത്യസ്തമായ ആഹാരരീതിയിലേക്ക് തിരിഞ്ഞിരിക്കുന്നു. പെരുകിവരുന്ന ബേക്കറി ആഹാരസാധനങ്ങൾ നാം തന്നെയാണ് കഴിക്കുന്നത്.

7. **ശരീരഘടന:**

ഇന്ന് മനുഷ്യരും പ്രത്യേകിച്ച് കുട്ടികളും വളരെ വണ്ണം കൂടുന്നതായി കാണുന്നു. പ്രമേഹം വരാനുള്ള ഒരു സാഹചര്യം Obesity - Over weight ആണ് എന്ന് നാം മനസ്സിലാക്കിയാൽ നല്ലതാണ്.

**ഈ അസുഖം വിട്ടുമാറുമോ?**

ഇല്ല. ഈ അസുഖത്തെ ഒരു കൂടപ്പിറപ്പായി അംഗീകരിച്ച് നിയന്ത്രിച്ച് മുന്നോട്ട് പോകാൻ കൂടുതൽ ബുദ്ധിമുട്ടുകൾ ഇല്ലാതെ രക്ഷപ്പെടാം. താല്ക്കാലികമായി എപ്പോഴെങ്കിലും അസുഖം മാറിയാലും പിന്നീട് വരും എന്ന് തീർച്ചയാണ്.

## മരിയനാദം വാർത്തകൾ



49 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ക്രൈസ്റ്റ് വില്ലയിലേക്ക് വിശ്രമ ജീവിതത്തിന് പ്രവേശിക്കുന്ന മരിയനാദം ചീഫ് എഡിറ്ററും വികാരിയുമായിരുന്ന **റവ.ഫാ. ജോസഫ് അരാശ്ശേരിയച്ചന്** ഉപഹാരവും ഊഷ്മളവുമായ യാത്രയപ്പ് നൽകി.



ശ്രീ. റോഷൻ റോയ്

## അഭിനന്ദനങ്ങൾ...

തൃശ്ശൂർ അതിരൂപത ബസിലിക്ക ഫൊറോന
സി.എൽ.സി വൈസ് പ്രസിഡന്റ്
ആയി തിരഞ്ഞെടുക്കപ്പെട്ട
അയ്യന്തോൾ സി.എൽ.സി. പ്രസിഡന്റ്
**ശ്രീ. റോഷൻ റോയ്ക്ക്**
ഇടവകയുടെ അഭിനന്ദനങ്ങൾ...

# വ്യാവസായിക വിപ്ലവം 4.0

**ജിതിൻ ജോജു**
സെന്റ് ജോൺസ് യൂണിറ്റ്

ലോകം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റത്തിനൊപ്പം തന്നെ മനുഷ്യനും അവന്റെ ചുറ്റുപാടും മാറുന്നു. ചക്രത്തിന്റെ കണ്ടുപിടുത്തത്തിൽനിന്ന് തുടങ്ങിയ ആധുനികവത്കരണം ഇന്ന് കൃത്രിമബുദ്ധിയും നിർമ്മിച്ച് മുന്നേറുകയാണ്. നമ്മിൽ പലരും ഈയിടെയായി പലപ്പോഴും കേട്ടിട്ടുള്ള വാക്കാണ് വ്യാവസായികവിപ്ലവം 4.0 അല്ലെങ്കിൽ Industry 4.0. സത്യത്തിൽ എന്താണ് Industry 4.0? ഇത് എങ്ങനെയാണ് നാലാം വ്യാവസായിക വിപ്ലവം ഉണ്ടാക്കുന്നത്?

13–ാം നൂറ്റാണ്ടിൽ മില്ലുകളിലും മറ്റു വലിയ ഫാക്ടറികളിലും വെള്ളവും നീരാവിയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആവി എൻജിൻ കടന്നുവന്നതോടെ ആണ് ഒന്നാം വ്യാവസായിക വിപ്ലവത്തിന് തുടക്കമായത്. അതിനുശേഷം ഇരുപതാം നൂറ്റാണ്ടോടെ വൈദ്യുതവത്കരണം സാധ്യമായത് ഉത്പാദനത്തേയും വ്യവസായങ്ങളേയും ഉന്നതിയിൽ എത്തിച്ചു. ഇത് രണ്ടാം വ്യാവസായിക വിപ്ലവമായി അറിയപ്പെടുന്നു. 1970 കളോടെ കമ്പ്യൂട്ടറുകൾ വിപണിയിലേക്ക് കടന്നുവരികയും കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് യന്ത്രങ്ങളെ നിയന്ത്രിക്കാനും ഇന്റർനെറ്റ് ഉപയോഗിച്ച് മാർക്കറ്റിംഗ് വിപുലപ്പെടുത്താനും സാധിച്ചത് മൂന്നാം വ്യാവസായിക വിപ്ലവത്തിന് ആക്കംകൂട്ടി.

സാങ്കേതികവിദ്യയിലെ മാറ്റം അവിടെയും അവസാനിച്ചില്ല. അത് ത്വരിതവേഗത്തിൽ സംഭവിച്ചുകൊണ്ടിരുന്നു. 100 മില്യൻ ഉപഭോക്താക്കളെ തികയ്ക്കാൻ ടെലിഫോണിന് 75 വർഷം വേണ്ടിവന്നു. എങ്കിൽ പോക്കിമോൻ ഗോ എന്ന വെർച്വൽ ഗെയിമിന് വേണ്ടിവന്നത് ഒരു മാസം മാത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ കമ്പ്യൂട്ടറുകളെ ഉപയോഗിച്ച് മനുഷ്യർ ജോലി ചെയ്യുന്ന രീതിയിൽ നിന്നും മാറി കമ്പ്യൂട്ടറുകൾ തന്നെ സ്വയം ജോലി മനസ്സിലാക്കി തിരഞ്ഞെടുത്ത് ചെയ്യുന്നതാണ് വ്യാവസായിക വിപ്ലവം 4.0. ഇതിൽ ഒരു ഫാക്ടറിയിലുള്ള മുഴുവൻ

യന്ത്രങ്ങളേയും പരസ്പരം ബന്ധിപ്പിക്കുകയും അവരുടെ ജോലി തരംതിരിക്കുകയും നിരീക്ഷിക്കുകയും തെറ്റുകൾ തിരുത്തുകയും ചെയ്യുന്നത് കമ്പ്യൂട്ടറുകൾ തന്നെ ആയിരിക്കും. ഇതിനെ സൈബർ ഫിസിക്കൽ സിസ്റ്റം (CPS) എന്ന് പറയുന്നു.

വ്യാവസായിക വിപ്ലവം 4.0 യ്ക്ക് ആക്കം കൂട്ടുന്ന പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്.

1. Autonomus Robots
2. Simulation
3. Horizontal & Vertical System Integration
4. Industrial Internet of Things (IIoT)
5. Cyber Security
6. Addictive Manufacturing (3D Printing)
7. Augmented Reality (AR)
8. Big Data Analytics

നമ്മൾ കരുതുന്നതിലും വേഗത്തിലാണ് വ്യവസായങ്ങൾ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ടിരിക്കുന്നത്. 2013-ൽ 1000-ത്തിൽ താഴെ മാത്രം റോബോട്ടുകളാണ് ആമസോൺ വെയർഹൗസുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇന്ന് അത് 2,00,000 ത്തിൽ കൂടുതലാണ്. മാറ്റം മാനവികതയുടെ ഭാഗമാണ്. സാങ്കേതികവിദ്യ വളർച്ചയുടെ അനിവാര്യതയും. പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം തന്നെ ആധുനിക വിദ്യാഭ്യാസവും നമുക്ക് ശീലമാക്കാം. സാങ്കേതികവിദ്യാ വിദഗ്ധരുടെ ഇടയിൽ 2011 മുതൽ തന്നെ IR 4.0 പരിചിതമാണ്. എന്നാൽ ഇന്ന് നമ്മൾ ഓരോരുത്തരും ഇതിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവിതത്തിൽ വിജയം കൈവരിക്കാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.



# വി.സെബസ്ത്യാനോസിന്റെ അമ്പുതിരുനാളിനോടനുബന്ധിച്ച് വിവിധ കുടുംബയൂണിറ്റുകളിൽ നിന്നും ലഭിച്ച തട്ടുപിരിവ്

| | | |
|---|---|---|
| 1. | സെന്റ് ജോസഫ് യൂണിറ്റ് | - 4500.00 |
| 2. | ഹോളി ഫാമിലി യൂണിറ്റ് | - 4240.00 |
| 3. | സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് | - 3935.00 |
| 4. | സെന്റ് ആന്റണീസ് യൂണിറ്റ് | - 2632.00 |
| 5. | ക്രിസ്തുരാജ യൂണിറ്റ് | - 1290.00 |
| 6. | സെന്റ് ജോൺസ് യൂണിറ്റ് | - 1161.00 |
| 7. | സെന്റ് തോമസ് യൂണിറ്റ് | - 1065.00 |
| 8. | സെന്റ് മേരീസ് യൂണിറ്റ് | - 837.00 |
| 9. | ഹോളി ട്രിനിറ്റി യൂണിറ്റ് | - 795.00 |
| 10. | സെന്റ് പോൾസ് യൂണിറ്റ് | - 715.00 |
| 11. | ലിറ്റിൽ ഫ്ളവർ യൂണിറ്റ് | - 500.00 |
| 12. | മഡോണ യൂണിറ്റ് | - 379.00 |
| 13. | സെന്റ് അൽഫോൻസ യൂണിറ്റ് | - 378.00 |
| 14. | സെന്റ് പീറ്റർ യൂണിറ്റ് | - 373.00 |
| 15. | സെന്റ് സേവിയേഴ്സ് യൂണിറ്റ് | - 258.00 |
| | | **23058.00** |
| 16. | അമ്പ് കൂപ്പൺ വരവ് | - 13020.00 |
| 17. | കാഴ്ച സമർപ്പണം | - 3430.00 |
| 18. | നേർച്ചപ്പെട്ടി വരവ് | - 29487.00 |

# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | പേര്, വിലാസം |
|---|---|
| 07/2021<br>18.02.2020 | പാലത്തിങ്കൽ സജിൻ & സിസിൽ മരിയ ജോസ് മകൻ ലൂക്ക് (ലൂക്ക് എസ്. പാലത്തിങ്കൽ)<br>മാമ്മോദീസ 07.02.2021 |
| 26/2021<br>06.04.2020 | പാലത്തിങ്കൽ സുബിൻ & ജെഫി മകൻ ജെയിംസ് (ഇഹാൻ സുബിൻ പാലത്തിങ്കൽ)<br>മാമ്മോദീസ 14.02.2021 |

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | |
|---|---|
| 03/2021<br>14.02.2021 | തട്ടിൽ ചേറ്റുപുഴക്കാരൻ ഫ്രാൻസിസ് ഭാര്യ ത്രേസ്യാമ്മ (83) സെന്റ് മേരീസ് യൂണിറ്റ്. |

# ഇടവകയിലേക്ക് വന്നവർ

| തീയ്യതി | |
|---|---|
| 10.02.2021 | വടക്കൂട്ട് ലാസർ പോൾ - സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് |
| 16.02.2021 | തെക്കേക്കര ചാക്കുണ്ണി ബിജു - സെന്റ് പീറ്റർ യൂണിറ്റ് |



# ഞങ്ങൾ ഒന്നായി



| വിവാഹ തീയ്യതി | |
|---|---|
| 07.02.2021 | അയ്യന്തോൾ ഇടവക കരേരക്കാട്ടിൽ ഡേവി & പുഷ്പം മകൾ ഡിൻസി (മേരി) + കുരിയച്ചിറ ഇടവക പൂവ്വത്തിങ്കൽ വിൽസൻ & ലില്ലി മകൻ നെൽവിൻ (ലൂയിസ്) |
| 10.02.2021 | അയ്യന്തോൾ ഇടവക കുറുപ്പശ്ശേരി അഗസ്റ്റിൻ & സീന മകൻ വിനീത് (തോമസ്) + സീറോ മലങ്കര ബത്തേരി രൂപത കൊളഗപ്പാറ ഇടവക ഇല്ലിക്കൽ സണ്ണി നോബിൾ & മേരി മകൾ എലിസബത്ത് (ഐശ്വര്യ) |
| 14.02.2021 | അയ്യന്തോൾ ഇടവക ബ്രഹ്മത്ത് വടക്കേത്തല സെബാസ്റ്റ്യൻ & മേരി മകൾ തെരേസ (നിയ) + ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ഇടവക നെല്ലിശ്ശേരി ജോർജ്ജ് & ഷെർളി മകൻ അരുൺ (ആന്റണി ജോൺ). |

## വാർഷിക ധ്യാനം

| | | |
|---|---|---|
| 25.03.2021 (വ്യാഴം) | – 5.30 pm വി.കുർബ്ബാന, തുടർന്ന് – 9.00 മണി വരെ ധ്യാനം |
| 26.03.2021 (വെള്ളി) | – 5.30 pm വി.കുർബ്ബാന, തുടർന്ന് – 9.00 മണി വരെ ധ്യാനം |
| 27.03.2021 (ശനി) | – 5.30 pm വി.കുർബ്ബാന, തുടർന്ന് – 9.00 മണി വരെ ധ്യാനം |
| ” കുമ്പസാരം | – 8.30 a.m - 10 a.m 4.p.m - 6 p.m. |
| 28.03.2021 (ഞായർ) | – 5.30 p.m വി.കുർബ്ബാന, തുടർന്ന് – 9.00 മണി വരെ ധ്യാനം |
| ” കുമ്പസാരം | – 3.00 p.m - 6.00 p.m |

(കാലത്ത് 6.30 ന് പതിവുപോലെ വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.)

വികാരി

**ഫാ. ജെയ്സൻ പുന്നശ്ശേരി**

ക്വിസ് മാസ്റ്റർ : **സി. റെജിൻ റോസ്** CHF

# BIBLE QUIZ

## 2021 മാർച്ച് മാസത്തെ ബൈബിൾ ക്വിസ്

### 1 കോറി. 13-16

1. ഭാഷാവരമുള്ളവൻ ആരോടാണ് സംസാരിക്കുന്നത്?
2. സഭക്ക് അഭിവൃദ്ധി കൈവരുത്തുന്നവൻ ആര്?
3. ചിന്തയിൽ നിങ്ങൾ ..................................
4. അവിശ്വാസികൾക്കുള്ള അടയാളമെന്ത്?
5. സമ്മേളനങ്ങളിൽ മൗനമായിരിക്കേണ്ടവർ ആർ?
6. ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ് ഇത് പറഞ്ഞത് ആര്?
7. എല്ലാവരും പുനർജീവിക്കുന്നത് ആരിലാണ്?
8. മരണത്തിന്റെ ദംശനം എന്ത്?
9. ആകയാൽ ആരും അവനെ നിന്ദിക്കാൻ ഇടയാകരുത്? ആരെ ക്കുറിച്ചാണ് പറയുന്നത്?
10. നിങ്ങളുടെ സകലകാര്യങ്ങളും എങ്ങനെ നിർവ്വഹിക്കണം?

# 2021 ഫെബ്രുവരി മാസത്തെ ക്വിസ് ശരിയുത്തരങ്ങൾ

1. ആത്മനിയന്ത്രണം
2. ദുരിതം
3. വിഗ്രഹാരാധനയിൽ നിന്ന്
4. ബലി വസ്തുക്കൾ ഭക്ഷിക്കുന്നവർക്ക്
5. ദൈവമഹത്വത്തിനായി
6. ദൈവം
7. പുരുഷൻ
8. ശിരോവസ്ത്രം
9. പരിശുദ്ധാത്മാവ്
10. പൊതുജനനന്മയ്ക്കുവേണ്ടി

## 2021 ഫെബ്രുവരി മാസത്തെ ശരിയുത്തരം അയച്ചവർ

1. സിസിലി അബ്രാഹം – സെ. ജോസഫ് യൂണിറ്റ്
2. ലൂസി ജോയ് – സെ. സേവ്യർ യൂണിറ്റ്
3. മേഴ്സി ജസിന്റോ – സെ. തോമസ് യൂണിറ്റ്
4. ആനി വിത്സൻ – സെ. സെബാസ്റ്റ്യൻ യൂണിറ്റ്
5. മേരി രാജു – സെ. സേവ്യർ യൂണിറ്റ്
6. ഡെയ്സി അന്തപ്പൻ – സെ. മേരീസ് യൂണിറ്റ്
7. ജാൻസി ഫ്രാൻസിസ് – സെ. സെബാസ്റ്റ്യൻ യൂണിറ്റ്
8. അപർണ ജോസ് – ലിറ്റിൽ ഫ്ളവർ യൂണിറ്റ്

നറുക്കെടുപ്പിലൂടെ വിജയിയായത്
**ലൂസി ജോയ്**
സെന്റ് സേവ്യർ യൂണിറ്റ്

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച്
ഏപ്രിൽ 15-ാം തിയ്യതിക്കുമുൻപ്
പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(പ്രായഭേദമന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്)



ഫെബ്രുവരി മാസത്തെ ചായക്കൂട്ട്
മത്സര വിജയി

**മേഴ്സി ജെസിന്റോ**

സെന്റ് തോമസ് യൂണിറ്റ്

2,00,000+
സംതൃപ്ത കുടുംബങ്ങൾ

Chavara Matrimony.com
World's No.1 Christian Matrimonial




CHAVARA FAMILY WELFARE CENTRE
H.O. Chavara Cultural Centre, Kochi (Managed by CMI Priests Since 1996)
25 BRANCHES IN KERALA, BANGALORE, COIMBATORE, MUMBAI & DELHI
THRISSUR 99957 77576

Fr. Roby Kannanchira CMI (Director)
Johnson C. Abraham (Executive Director)

FREE REGISTRATION FOR 30 DAYS

99 61 74 44 44 | 04844080333 | 1800 103 4080
Follow us




**HYGIENE + SERIES**

Antibacterial | 100% Virgin | 10 Years Warranty | 4 Layer Tank
Most Modern Designs | QC Inspected, Tested and Sealed

HYGIENE + SERIES

## OCEAN POLYMER TECHNOLOGIES PVT. LTD.

V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.oceangroup.net.in • email: enquiry@oceangroup.net.in

**FOR TRADE ENQUIRIES**
**CALL: 0487- 2202787**
CUSTOMER CARE : 8137009888